# ജമാഅത്തെ ഇസ്‌ലാമി: ഒരു ലഘുപഠനം

അൻവർ അബൂബക്കർ

### രൂപീകരണവും ലക്ഷ്യവും

ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകൻമാരും മുൻഗണന നൽകി പഠിപ്പിച്ച ആദർശമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്'. ഇസ്‌ലാമിക വിശ്വാസപ്രമാണത്തിന് കൂടുതൽ ചാരുത്വവും പ്രായോഗികതയും നൽകുന്ന ഈ മഹനീയ ആദർശത്തിന്റെ വിഷയത്തിൽ അഹ്‌ലുസ്സുന്നയുമായി എതിരിട്ടു നിൽക്കുന്ന ഒരു പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയാണ് ഈ പ്രസ്ഥാനത്തിന്റെ ആചാര്യൻ. ഈ സംഘടന രൂപീകരിക്കാനുണ്ടായ പാശ്ചാത്തലം 1930കളിലുണ്ടായ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യ മാണെന്ന് 'ജമാഅത്തെ ഇസ്‌ലാമി മതേതര ഭാരതത്തിൽ' എന്ന ലഘു പുസ്തകത്തിൽ (പേജ് 5) നജാത്തുല്ല സിദ്ധീഖി പറയുന്നുണ്ട്. ബ്രിട്ടീഷുകാർ ഇന്ത്യാരാജ്യം വിട്ടാൽ ഇനിയാര് രാജ്യം ഭരിക്കണം എന്ന രാഷ്ട്രീയ ചിന്തയിലാണ് ഈ പ്രസ്ഥാനം രൂപീകരിക്കപ്പെട്ടത്.

1941 ആഗസ്റ്റ് 26ന് ലാഹോറിലെ ഇസ്‌ലാമിയാ പാർക്കിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിൽ മൗലാനാ മൗദൂദി ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം വിശദീകരിച്ചു. അതിൽ നമുക്കിങ്ങനെ കാണാം: "... ചുരുക്കത്തിൽ ജമാഅത്തിന്റെ മുമ്പിലുള്ള ലക്ഷ്യം നിസ്സാരമോ ലളിതമോ അല്ലെന്ന് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തിലെ മുഴുവൻ ജീവിത വ്യവസ്ഥകളെയും മാറ്റിത്തിരുത്തേണ്ടവരാണ് അവർ. ധാർമികവും രാഷ്ട്രീയവും നാഗരികവും സാമ്പത്തികവും സാമൂഹികവുമായ സകല വ്യവസ്ഥകളെയും അവർക്ക് മാറ്റേണ്ടതുണ്ട്. ദൈവധിക്കാരത്തിന്റെ അടിത്തറയിൽ ഉയർത്തപ്പെട്ട സകല വ്യവസ്ഥകളെയും തുടച്ചുമാറ്റി ദൈവാനുസരണത്തെ ആധാരമാക്കിയുള്ള ഒരു വ്യവസ്ഥ അവർക്ക് സ്ഥാപിക്കേണ്ടതുണ്ട്. ഈ മാർഗത്തിൽ സകല പൈശാചിക ശക്തികളോടും അവർക്ക് ഏറ്റുമുട്ടേണ്ടതുണ്ട്. ഇതൊരു നിസ്സാര കാര്യമാണെന്ന് മനസ്സിലാക്കിയാണ് വരുന്നതെങ്കിൽ പ്രയാസങ്ങളുടെ പർവതങ്ങൾ അധികം വൈകാതെ തന്നെ അവരുടെ മനക്കരുത്ത് തകർക്കും. അതിനാൽ കാൽ മുന്നോട്ടെടുത്തുവെക്കുന്നതിന് മുമ്പ് ഓരോരുത്തരും നല്ലവണ്ണം മനസ്സിലാക്കണം, തങ്ങൾ ഏതൊരു മാർഗത്തിലാണ് കാലെടുത്തുവെക്കുന്നതെന്ന്. ഈ പാതയിൽ മുന്നോട്ടു നീങ്ങുന്നതും പിന്നോട്ട് വലിയുന്നതും ഒരു പോലെയല്ല. ഇവിടെ പിൻവലിയുന്നതിന്റെ അർഥം മുർതദ്ദാവുന്നതിന് സമമാണ്. ഈ ജമാഅത്തിൽനിന്ന് പുറത്തുപോകുന്നത് മുർത്തദ്ദാവലാണ് എന്നല്ല പറഞ്ഞതിനർഥം. അല്ലാഹുവിന്റെ മാർഗത്തിൽ മുന്നോട്ട് കാലെടുത്ത് വെച്ചശേഷം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആപത്തുകളും കണ്ട് പിൻമാറുന്നത് യഥാർഥത്തിൽ മുർത്തദ്ദാവലാണെന്നാണ് പറഞ്ഞത്." (ഇത് വ്യത്യസ്തമായ ഒരു സംഘടന, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്)

ഒന്നുകൂടി വ്യക്തമാക്കികൊണ്ട് ജമാഅത്തിന്റെ സ്ഥാപകനേതാവ് പ്രവർത്തകരെ ഓർമ്മിപ്പിച്ചു: "ഈ ഇസ്‌ലാമിക പാർട്ടി രൂപംകൊള്ളുന്നതോടെ അത് നിലവിൽവന്ന ലക്ഷ്യ സാക്ഷാല്കാരത്തിന്റെ മാർഗത്തിൽ ജിഹാദ് ആരംഭിക്കുകയായി. അനിസ്‌ലാമികമായ

അടിത്തറകളിൽ നിലനിൽക്കുന്ന ഭരണവ്യവസ്ഥകൾ നശിപ്പിക്കുക, അവയെ വേരോടെ പിഴുതെറിയുക, പകരം വിശുദ്ധ ഖുർആൻ 'അല്ലാഹുവിന്റെ വചനം' എന്ന് വിശേഷിപ്പിച്ച നീതിനിഷ്ഠവും മദ്ധ്യമവുമായ നിയമങ്ങളുടെ അസ്തിവാരത്തിൽ സ്ഥാപിതമായ സാമൂഹിക ക്രമം സംസ്ഥാപിക്കുക എന്നതാണത്. ഇവക്കെല്ലാംവേണ്ടി അത്യദ്ധ്വാനം ചെയ്യുന്നതിൽനിന്ന് ഒഴിവാകാതിരിക്കുകയെന്നത് അതിന്റെ പ്രകൃതത്തിലും താല്പര്യത്തിലും പെട്ടതാണ്. ഈ പാർട്ടി ഇസ്ലാമിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ നിയന്ത്രണത്തിന്നും സത്യത്തിന്റെ സംസ്ഥാപനത്തിന്നും ഭരണസമ്പ്രദായത്തിന്റെ പരിവർത്തനത്തിനും സാധ്യമായ ശ്രമങ്ങൾ വ്യയം ചെയ്യുകയും ഈ മാർഗത്തിൽ ശരിയാംവിധം ജിഹാദ് നടത്തുകയും ചെയ്യുന്നില്ലെങ്കിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിലും പാർട്ടിയുടെ രൂപീകരണോദ്ദേശ്യം അന്വർത്ഥമാക്കുന്നതിലും അത് പരാജയപ്പെട്ടതായാണ് കണക്കാക്കപ്പെടുക.'' (അബുൽ അഅ്ലാ മൗദൂദി, ജിഹാദ്, പേജ് 22). ഏറെ വിശദീകരണത്തിനു ശേഷം മൗദൂദി പ്രസ്ഥാന പ്രവർത്തകരെ ഓർമ്മിപ്പിക്കുന്നത് ഇങ്ങിനെയാണ്: ''ആരെങ്കിലും തന്റെ ലക്ഷ്യസാക്ഷാല്ക്കരണത്തിനായി പ്രവർത്തിക്കാതിരിക്കുകയും ഈ ബാധ്യത സംബന്ധിച്ച് അശ്രദ്ധനാവുകയും ചെയ്യുന്നുവെങ്കിൽ അവന്റെ അവകാശവാദം പൊള്ളയാണെന്ന് മനസ്സിലാക്കേണ്ടതാണ്. സത്യവിശ്വാസം അവന്റെ അകത്തളങ്ങളിൽ പ്രവേശിച്ചിട്ടില്ലെന്നാണതിന്നർത്ഥം.'' (അതേ പുസ്തകം, പേജ് 25).

## ഹാകിമിയ്യത്ത് വാദവും സലഫുകൾക്കുനേരെയുള്ള ആക്ഷേപവും

'ഭൂമിയിലെ ഭരണാധികാരം ഏതെങ്കിലും വ്യക്തികളുടെ കരങ്ങളിലായിരിക്കുന്നേടത്തോളം കാലം അല്ലാഹുവിന്റെ ആധിപത്യം ഇവിടെ നിലനിൽക്കുകയില്ല' എന്നതായിരുന്നു ഹാകിമിയ്യത്തിന്റെ മറവിൽ ജമാഅത്ത് ഉയർത്തിപിടിച്ച ഒരു മുദ്രാവാക്യം. ഈ പ്രഖ്യാപനം സച്ചരിതരായ സലഫുകളിൽ നിന്നും വ്യതിചലിച്ച ഖവാരിജുകൾ ഉയർത്തിപിടിച്ച 'അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം' എന്ന വാദത്തിന് സമാനമാണ്. കൂടാതെ, ആദ്യ മൂന്ന് ഖലീഫമാരുൾപ്പടെയുള്ള മിക്കവാറും സ്വഹാബികളും പിഴച്ചവരും കുഫ്റിലകപ്പെട്ടവരുമാണെന്ന് വാദിച്ച് അഹ്ലുസ്സുന്നത്തിന്റെ ആദർശത്തിൽ നിന്ന് പുറത്തുപോയ ശിയാക്കളുടെ ഇമാമത്ത് വിശ്വാസത്തിനും തുല്യമാണ് ഇവരുടെ ഹാകിമിയ്യത്ത് വാദം. ഇതെല്ലാം തൗഹീദിന്റെ ഭാഗമായി അവതരിപ്പിച്ച്, തൗഹീദിനെ കേവലം ഒരു രാഷ്ട്രീയ വിപ്ലവ പ്രസ്ഥാനമായി അവതരിപ്പിക്കുകയാണ് ജമാഅത്തെ ഇസ്ലാമി ചെയ്തത്.

അറബിയിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്ത, ഉർദു ഭാഷാപശ്ചാത്തലത്തിൽ ജനിച്ചുവളർന്ന മൗദൂദി ദൈവിക വ്യവസ്ഥയുടെ സംസ്ഥാപനം മുന്നിൽകണ്ട് ഇസ്ലാമിക പ്രമാണങ്ങളെ വ്യാഖ്യാനിച്ചത് പൂർവ്വികർക്കൊന്നും പരിചയമില്ലാത്ത രൂപത്തിലാണ്. അതുകൊണ്ടാണ് ദീൻ, റബ്ബ്, ഇലാഹ്, ഇബാദത്ത് തുടങ്ങിയ അറബ് സംജ്ഞകൾ ഹാകിമിയ്യത്ത് സ്ഥാപിക്കുവാനായി ഉപയോഗിച്ചപ്പോൾ അവിടെയൊന്നും പൂർവ്വികരും പ്രാമാണികരുമായ മുഫസ്സിറുകളെ തെളിവിനായി ഉദ്ധരിക്കാൻ അദ്ദേഹത്തിന് കഴിയാതെപോയത്. അതിനെ മറികടക്കാൻ എന്നിട്ടും മൗദൂദി മുതിർന്നു: ''ഖുർആന്റെ അവതരണവേളയിൽ സുഗ്രാഹ്യമായിരുന്ന ഈ പദങ്ങളുടെ മൗലികാശയങ്ങൾ പില്ക്കാല നൂറ്റാണ്ടുകളിൽ ക്രമേണ ക്രമേണ മാറിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, പ്രസ്തുത പദങ്ങൾക്ക് അവയുടെ വിശാലമായ അർത്ഥം നഷ്ടപ്പെടുകയും, അങ്ങേയറ്റം പരിമിതവും അവ്യക്തവുമായ ആശയങ്ങളിൽ അവ ഒതുങ്ങിപ്പോവുകയും ചെയ്തു. കളങ്കമറ്റ അറബിഭാഷാ ആസ്വാദനത്തിൽ സംഭവിച്ച അപചയമായിരുന്നു അതിനൊരു കാരണം. ഖുർആന്റെ അവതരണവേളയിൽ അനിസ്ലാമിക സമൂഹത്തിൽ ഇലാഹ്, റബ്ബ്, ഇബാദത്, ദീൻ എന്നീ പദങ്ങൾക്ക് പ്രചാരത്തിലുണ്ടായിരുന്ന അർത്ഥങ്ങൾ, പിന്നീട് ഇസ്ലാമിക

സമൂഹത്തിൽ ജനിച്ചുവളർന്നവരെ സംബന്ധിച്ചിടത്തോളം അവശേഷിച്ചിരുന്നില്ല എന്നതാണ് മറ്റൊരുകാരണം. ഈ രണ്ടു കാരണങ്ങളാൽ, പില്ക്കാലത്തുവന്ന ഭാഷാകൃതികളും വ്യാഖ്യാനഗ്രന്ഥങ്ങളും മിക്ക ഖുർആനികപദങ്ങളെയും അവയുടെ മൗലികമായ ഭാഷാർത്ഥങ്ങൾക്കുപകരം അന്ന് മുസ്‌ലിംകൾ മനസിലാക്കിയിരുന്ന അർത്ഥങ്ങളിൽ വിശദീകരിച്ചുതുടങ്ങി.'' (ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ, പേജ് 13, 14)

ജമാഅത്തെ ഇസ്‌ലാമിയുടെ തുടക്കത്തിൽ മെമ്പർമാരായിട്ടുണ്ടായിരുന്ന പലരും പ്രസ്ഥാനം വിട്ടുപോകാൻ കാരണമായത് മൗദൂദിയുടെ ഇത്തരം കണ്ടെത്തലുകളാണ്. ഉദാഹരണത്തിന് അബുൽ ഹസൻ അലി നദ്‌വി. ഇദ്ദേഹം മൗദൂദിയെ ഖണ്ഡിച്ചുകൊണ്ടെഴുതിയ പുസ്തകമാണ് التفسير السياسي في الإسلام. ഈ ഗ്രന്ഥം ''ഇസ്‌ലാമിനു രാഷ്ട്രീയ വ്യാഖ്യാനം'' എന്ന പേരിൽ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുണ്ട്. എന്തിനേറെ, മൗദൂദിയുടെ ആശയങ്ങൾ യഥേഷ്ടമുൾക്കൊണ്ട ഇഖ്‌വാനുൽ മുസ്‌ലിമൂനിന്റെ മുർശിദുൽ ആമ്മായിരുന്ന ശൈഖ് ഹുസൈൽ ഹുളൈബി 'ദുആത്തുൻ ലാ ഖുളാത്തുൻ' എന്ന തന്റെ കൃതിയിലൂടെ മൗദൂദിയുടെ പ്രസ്തുത വാദങ്ങളെ ശക്തമായി വിമർശിക്കുന്നുണ്ട്.

ഇസ്‌ലാമിക ലോകത്തെ പണ്ഡിതൻമാരുടെ ഭാഷാവിജ്ഞാനത്തെയാണ് മൗദൂദി അവമതിച്ചത്. പരിശുദ്ധ ക്വുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തതാണ്. അതിൽ ഉൾപ്പെടുന്നതാണ് അതിന്റെ വിശദീകരണവും. അറബിഭാഷാ ആസ്വാദനത്തിൽ സംഭവിച്ച അപചയം നിമിത്തം മിക്ക ഖുർആനികപദങ്ങളുടെയും മൗലിക ഭാഷാർത്ഥങ്ങൾ മൗദൂദി വരുംവരെയുള്ള സുദീർഘമായ നൂറ്റാണ്ടുകളിൽ നഷ്ടപ്പെട്ടുപോയി എന്ന് വിശ്വസിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. മഹാനും വിശ്രുതനുമായ ഇമാം മാലിക് (റഹി)യുടെ പ്രസ്താവന എത്രമാത്രം ശരി! അദ്ദേഹം പറഞ്ഞു:

لا أوتي برجل غير عالم بلغة العرب يفسر كتاب الله إلّا جعلته نكالا

''അറബിഭാഷാ വിജ്ഞാനം അറിഞ്ഞു കൂടാത്ത ഒരാൾ ക്വുർആൻ വ്യാഖ്യാനത്തിനു മുതിർന്നാൽ അത് അവനൊരു ശിക്ഷയായിത്തീരും'' (ഇമാം മാലികിൽ നിന്നും ബൈഹക്വി 'ശുഅബി' (ശുഅബുൽ ഈമാൻ)ൽ ഉദ്ധരിച്ചത്.)

**ഇബാദത്തിന് പുതിയ അർത്ഥതലങ്ങൾ**

'ഞാനൊരു പരിഷ്കരണവാദിയല്ല, മിനുക്കു പണികൊണ്ട് മതിയാക്കാനാഗ്രഹിക്കുന്നുമില്ല. പ്രത്യുത പുനർനിർമ്മാണ വാദിയത്രെ' (തർജുമാനുൽ ഖുർആൻ ഉറുദു മാസിക, മാർച്ച് 1939) എന്ന് സ്വയംപ്രകീർത്തിച്ച മൗദൂദി പ്രസ്തുത പുനർനിർമ്മാണം ആരംഭിക്കുന്നത് ക്വുർആനിലെ പദങ്ങൾക്ക് ശറഇയായ വ്യാഖ്യാനം നൽകികൊണ്ടാണ്. ഇബാദത്തിന് മൗദൂദി നൽകിയ 'അനുസരണം + അടിമവേല + ആരാധന' എന്ന ത്രിയേകാർത്ഥം അതിനൊരുദാഹരണമാണ്. ഈ രൂപത്തിലുള്ള അർത്ഥം മൗദൂദി ഇബാദത്തിന് നൽകിയത് എന്തു ലക്ഷ്യംവെച്ചാണെന്ന് താഴെയുള്ള വരികൾ തെളിയിക്കുന്നുണ്ട്:

''നിങ്ങൾ ഏതെങ്കിലുമൊരാളെ വിധികർത്താവായി സമ്മതിച്ച് അയാളുടെ അടിമത്തം സ്വീകരിക്കുമ്പോൾ വാസ്തവത്തിൽ നിങ്ങളയാളുടെ 'ദീനിൽ' പ്രവേശിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ സമ്മതിച്ച വിധികർത്താവ് അല്ലാഹു ആണെങ്കിൽ അല്ലാഹുവിന്റെ

‘ദീനില്‍’ പ്രവേശിച്ചു: ഇനി ഒരു രാജാവിനെയാണ് വിധികര്‍ത്താവായി സ്വീകരിച്ചതെങ്കില്‍ രാജാവിന്റെ ‘ദീനില്‍’ പ്രവേശിച്ചു: ഒരു പ്രത്യേക സമുദായത്തെയാണെങ്കില്‍ ആ സമുദായത്തിന്റെ ദീനിലാണ് നിങ്ങള്‍ പ്രവേശിച്ചത്. ഇനി സ്വന്തം സമുദായത്തിന്റെയോ സ്വദേശക്കാരുടേയോ ഭൂരിപക്ഷത്തെയാണ് വിധികര്‍ത്താവായി സ്വീകരിക്കുന്നതെങ്കില്‍ ആ ഭൂരിപക്ഷത്തിന്റെ ‘ദീനില്‍’ പ്രവേശിച്ചു. ചുരുക്കത്തില്‍, ആരെ ‘അനുസരിക്കുക’ എന്ന ‘മാല’ നിങ്ങള്‍ കഴുത്തിലിടുന്നുവോ യഥാര്‍ത്ഥത്തില്‍ അവരുടെ ‘ദീനി’ലായിരിക്കും നിങ്ങള്‍: ആരുടെ നിയമമനുസരിച്ചു പ്രവര്‍ത്തിക്കുന്നുവോ, അവര്‍ക്കായിരിക്കും വാസ്തവത്തില്‍ നിങ്ങള്‍ ഇബാദത്തു ചെയ്യുന്നത്.’’ (അബുല്‍ അഅ്‌ലാ മൗദൂദി, ഖുതുബാത്ത്, ജിഹാദ്)

മൗദൂദിയുടെ മേല്‍വിശദീകരണം അദ്ദേഹത്തിന്റെ സ്വന്തം വകയാണ്. ഇസ്‌ലാമികേതര ഭരണകൂടങ്ങളേയും ഇതര വ്യവസ്ഥിതികളേയും അനുസരിക്കുന്നത് ശിര്‍ക്കും കുഫ്‌റുമാണെന്ന് വരുത്തിതീര്‍ക്കാന്‍ പാടുപെടുന്നതിനിടയില്‍ ഇവര്‍ പങ്കിലമാക്കിയത് കുറ്റമറ്റ ഇസ്‌ലാമിക പ്രമാണങ്ങളെയാണ്.

## ജമാഅത്തെ ഇസ്‌ലാമി കേരളത്തില്‍

കേരളമണ്ണില്‍ ഈ രൂപത്തിലുള്ള ചിന്താഗതികള്‍ നട്ടുവളര്‍ത്താന്‍ മൗലാനാ മൗദൂദിയാല്‍ നിയുക്തനായ വ്യക്തിയാണ് ഹാജി സാഹിബ് എന്ന പേരില്‍ അറിയപ്പെടുന്ന എടയൂരിലെ വി.പി. മുഹമ്മദലി സാഹിബ്. മുജാഹിദുകളില്‍ രാഷ്ട്രീയ ശിര്‍ക്കുണ്ടെന്ന് ആരോപിച്ച് 1942ല്‍ പിരിഞ്ഞു പോയ ഇദ്ദേഹമാണ് ജമാഅത്തിന്റെ മതരാഷ്ട്രവാദ ആശയങ്ങള്‍ കേരളത്തിലേക്ക് ആദ്യമായി ഇറക്കുമതി ചെയ്തത്. തുടര്‍ന്നങ്ങോട്ട് മൗദൂദിയുടെ നിരവധി പുസ്തകങ്ങള്‍ മലയാളത്തില്‍ വെളിച്ചം കണ്ടു. അതിലൂടെയെല്ലാം അനിസ്‌ലാമിക ആദര്‍ശങ്ങള്‍ ദീനിന്റെ പേരില്‍ പ്രചരിക്കുകയായിരുന്നു. ‘പ്രജായത്ത ദീനോ രാജത്വദീനോ ആകട്ടെ, സോഷ്യലിസ്റ്റ് ദീനൊ അല്ലാഹുവിന്റെ ദീനൊ മറ്റേതെങ്കിലും ദീനോ ആകട്ടെ, ഓരോന്നിനും അതതിന്റെ നിലനില്‍പിന് സ്വന്തമായ ഭരണം ഏതു വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തം ഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയില്‍ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കല്‍പവീടുപോലെയാണ്.’ എന്നിങ്ങനെ തുടങ്ങി, ‘അല്ലാഹുവിന്റെ ഭൂമിയില്‍ നിന്നു അക്രമ മര്‍ദ്ദനങ്ങളവസാനിപ്പിക്കണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കില്‍, അല്ലാഹുവിന്റെ ദാസന്‍മാര്‍ അഭിവൃദ്ധിപ്രാപിക്കണമെന്ന് വാസ്തവത്തില്‍ വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കില്‍, തങ്ങള്‍ വെറും ഉപദേഷ്ടാക്കളും പ്രസംഗകരുമായിരുന്നാല്‍ പോരാ, പ്രത്യുത, മുമ്പോട്ടു ചെന്ന് അബദ്ധമായ അടിത്തറമേല്‍ സ്ഥാപിതമായ അധികാരാധിപത്യങ്ങള്‍ തുടച്ചുനീക്കി സുബദ്ധമായ അടിസ്ഥാനത്തില്‍ കെട്ടിയുറപ്പിക്കുകയും, ജനനേതൃത്വത്തെ ദുര്‍ജന ഹസ്തങ്ങളില്‍ നിന്നു പിടിച്ചെടുത്ത് സജ്ജനങ്ങളുടെ കരങ്ങളില്‍ അര്‍പ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമായ ഒരു കര്‍ത്തവ്യമത്രെ.’ (ഖുതുബാത്, ജിഹാദിന്റെ പ്രാധാന്യം, പേജ് 288) എന്നുവരെയുള്ള അധ്യാപനങ്ങള്‍ മുറുകെ പിടിച്ചാണ് ഇവര്‍ പ്രവര്‍ത്തനരംഗത്തേക്ക് ഇറങ്ങിയത്.

എന്നാല്‍, ജമാഅത്തെ ഇസ്‌ലാമി പ്രമാണങ്ങളില്‍ നടത്തിയ അട്ടിമറിയുടെ ആഴം തിരിച്ചറിഞ്ഞ സലഫി പണ്ഡിതന്‍മാര്‍ അതിന്റെ തുടക്കത്തില്‍ തന്നെ ഓരോ വ്യതിയാനങ്ങളും തുറന്നുകാട്ടിയിട്ടുണ്ട്. ഇബാദത്തുമായി ബന്ധപ്പെട്ട് കെ. എം. മൗലവി(റഹി)യുടെ ഇതോടൊപ്പമുള്ള വരികള്‍ അതിനുള്ള ഉദാഹരണമാണ്: ‘‘ഇനി ഇവര്‍ ഇങ്ങനെയൊരര്‍ത്ഥം വലിച്ചിഴച്ചു കൊണ്ടുവന്നതിലുള്ള ഉദ്ദേശമെന്താണെന്ന് പരിശോധിക്കാം. ഇസ്‌ലാമിന്റെ വിധികള്‍ക്ക് വിരോധമായോ അഥവാ ഇസ്‌ലാമിനെ പിന്തുടരണമെന്ന് നിഷ്ഠയില്ലാത്തതായോ ഉള്ള എല്ലാ ഗവണ്‍മെന്റുകളേയും പൈശാചിക

ഗവൺമെന്റെന്നു പറയാതെ നിവൃത്തിയില്ല. അങ്ങനെയുള്ള എല്ലാ ഗവൺമെന്റുകളോടും നിസ്സഹകരിക്കണം. അവയുടെ ഉദ്യോഗം സ്വീകരിക്കുക അവയുടെ കോടതികളിൽ അവയുടെ നിയമമനുസരിച്ച് വിഹരിക്കുക, അതിനു വക്കാലത്ത് സ്വീകരിക്കുക മുതലായ പ്രവൃത്തികളെല്ലാം ആ ഗവൺമെന്റുകളെ അനുസരിക്കലും അവർക്കടിമവേല ചെയ്യലുമാകുന്നു. അതുകൊണ്ട് അവയെല്ലാം ഏറ്റവും വലിയ ശിർക്കും കുഫ്റുമാണ്. ഇന്ന് ഭൂമിയിൽ ഇങ്ങനെയുള്ള പൈശാചിക ഗവൺമെന്റുകളല്ലാതെ യാതൊരു ഗവൺമന്റുമില്ല. അത് കൊണ്ട് മേൽപറഞ്ഞ പ്രകാരമുള്ള മഹാശിർക്കു ചെയ്തുകൊണ്ടിരിക്കുകയോ, അതിൽ തൃപ്തിപ്പെടുകയോ ചെയ്യുന്നവരായിട്ടാണ് ഇന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്നവരെ കാണുന്നത്. തന്മൂലം ഇന്നത്തെ മുസ്ലിംകൾ മുസ്ലിംകളല്ല. ഇവർ ഇവയെല്ലാം പൂർണമായും ത്യജിച്ചു ജമാഅത്തെ ഇസ്ലാമിക്കാരുടെ 'ശഹാദത്ത്' ചൊല്ലി അവരുടെ പാർട്ടിയിൽ ചേരണം. എന്നാലെ രക്ഷയുള്ളു. അവർ വിധിക്കുന്ന എല്ലാ വിധികളും സ്വീകരിക്കണം. അങ്ങനെ അവർക്കു ശക്തി വരുമ്പോൾ ഈ ഗവൺമെന്റുകളെ തകർത്തു ഭൂമിയിൽ അവരുടെ ഗവൺമെന്റു സ്ഥാപിക്കും. അതിന്നാണ് ദൈവീക ഗവൺമെന്റ് حكومة الهي എന്നു പറയുന്നത്. ഈയൊരു പ്ലാൻ മുമ്പിൽവെച്ചു കൊണ്ടാണ് ഇവർ ഇബാദത്തിന്റെ അർഥം മാറ്റിമറിച്ചത്.'' (അൽമനാർ, 1953 പുസ്തകം: 04, ലക്കം: 510)

ജമാഅത്തെ ഇസ്ലാമിയും സലഫികളും തമ്മിലുള്ള അടിസ്ഥാന തർക്കം വിശദീകരിക്കവെ കെ. എം. മൗലവി(റഹി) ഇത്രയും കൂടി പറഞ്ഞു: ''നാമും ജമാഅത്തെ ഇസ്ലാമിക്കാരും തമ്മിലുള്ള തർക്കം ഇസ്ലാം ദീനിന്റെ ശരിയായ ഇബാദത്ത് എങ്ങനെയുള്ളതാകുന്നുവെന്നതിനെ പറ്റിയല്ല. ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്ലാമികമായ ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്ലാമികമായ ഇബാദത്തിനെയും ശിർക്കുപരമായ ഇബാദത്തിനെയും ഉൾക്കൊള്ളുന്ന കേവലമായ അർത്ഥത്തിൽ അതിന്റെ നിർവചനമെന്താണെന്നതിനെക്കുറിച്ചാണ്. 'ഒരു അടിമ തന്റെ യജമാനന്റെ ആജ്ഞാനുവർത്തിയായുംകൊണ്ട് എന്തൊക്കെ ചെയ്യുന്നുണ്ടോ അതിന്നാണ് ഇബാദത്ത്, അടിമവൃത്തി, ആരാധന എന്നൊക്കെ പറയുന്നത്'' എന്നാണ് ജമാഅത്തെ ഇസ്ലാമിക്കാർ കൊടുക്കുന്ന പൊതുവ്യാപകമായ നിർവചനം. ഇബാദത്തിന്ന് ഈ നിർവചനം കൊടുക്കുന്നത് കൊണ്ട് എല്ലാ നബിമാർ മുഖേനയും അല്ലാഹു ഇറക്കിയ സകല വേദഗ്രന്ഥങ്ങളേയും ഇവർ നിഷേധിച്ചതായി വന്നുപോകുന്നുണ്ടെന്ന് ഞാനുണർത്തുന്നു.'' (അൽമനാർ, 1953 പുസ്തകം: 04, ലക്കം: 510)

## ഹദീഥുകളോടുള്ള സമീപനം

അഹ്ലുസ്സുന്നത്തു വൽ ജമാഅത്തിന്റെ ഇന്നോളം വരുന്ന വിശ്വാസമാണ് ബുഖാരിയിലെയും മുസ്ലിമിലെയും ഹദീസുകൾ എല്ലാം സ്വീകാര്യമാണ് എന്നത്; പൂർവ്വികരായ പണ്ഡിതൻമാർക്കിടയിൽ ഇജ്മാഅ് ഉള്ള വിഷയവുമാണിത്. ജമാഅത്തെ ഇസ്ലാമിയുടെ ഐ.പി.എച്ച് പുറത്തിറക്കിയ സ്വഹീഹുൽ ബുഖാരി; അതിന്റെ ആമുഖ വേഖനത്തിൽ ഹദീസുകളുടെ ശ്രേഷ്ഠതകളെ കുറിച്ചും അതിന്റെ സ്വീകാര്യതയെ കുറിച്ചുമെല്ലാം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ ഇതെല്ലാം ഇവർക്കിടയിൽ കേവലം പുസ്തകത്തിനുള്ള അലങ്കാരവും വിപണനതന്ത്രവുമായി ചുരുങ്ങുകയാണ്. പ്രവാചകചര്യയുടെ പ്രാമാണികതയും ആധികാരികതയും വിശദീകരിക്കുന്ന ഇവർ തന്നെ തങ്ങളുടെ നിസാരമായ ബുദ്ധിയിലിട്ട് അനുമാനിച്ചുകൊണ്ടാണ് നബി(സ)യുടെ പല വിശുദ്ധ ഹദീഥുകളും സ്വീകരിക്കുകയും നിരാകരിക്കുകയും ചെയ്യുന്നത്. മൂസാ നബി(അ)യുടെ റൂഹ് പിടിക്കാൻ വന്ന മലക്കിന്റെ കണ്ണ് പൊട്ടിച്ച സംഭവം ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസിലുള്ളതാണ്. എന്നാൽ പ്രസ്തുത സംഭവം ഇവരുടെ ഭാഷയിൽ 'പൊട്ടൻ

കഥ’യാണ് (പ്രബോധനം ഹദീസ് പതിപ്പ് 2007, പേജ് 129). നബി(സ)ക്ക് സിഹ്ര്‍ ബാധിച്ച ഹദീസ് നിഷേധിക്കുവാന്‍ ഇവര്‍ അളവുകോലായി എടുക്കുന്നത് തങ്ങളുടെ നിസാരമായ സാമാന്യ ബുദ്ധിയാണ്. ഈ രൂപത്തില്‍ പ്രവാചകന്‍ (സ)യുടെ തിരുമൊഴിയായി വന്ന പല വിശുദ്ധ വചനങ്ങളും നിന്ദിക്കുന്ന പ്രവണത ഈ കൂട്ടരില്‍ പ്രകടമാണ്.

നബി(സ) നിലത്ത് ഒരു നേര്‍രേഖ വരച്ചു. പിന്നീട് അതിന്റെ വലത്തോട്ടും ഇടത്തോട്ടുമായി കുറച്ച് രേഖകളും വരച്ചു. എന്നിട്ടു മദ്ധ്യത്തിലെ നേര്‍രേഖയില്‍ കൈവെച്ചുകൊണ്ട് താഴെയുള്ള സൂക്തം ഓതി.

وَأَنَّ هَذَا صِرَاطِي مُسْتَقِيماً فَاتَّبِعُوهُ وَلاَ تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ

“ഇതത്രെ എന്റെ നേരായ പാത, നിങ്ങള്‍ അത് പിന്തുടരുക. മറ്റു മാര്‍ഗങ്ങള്‍ പിന്‍പറ്റരുത്. അവയൊക്ക് അവന്റെ (അല്ലാഹുവിന്റെ) മാര്‍ഗത്തില്‍ നിന്ന് നിങ്ങളെ ചിതറിച്ചുകളയും”.
എന്നിട്ട് നബി(സ) പറഞ്ഞു: ‘ഇതാണ് അല്ലാഹുവിന്റേതായ ചൊവ്വായ മാര്‍ഗം. മറ്റുള്ളവയും ചില മാര്‍ഗങ്ങളാകുന്നു. ഓരോ മാര്‍ഗത്തിലും തന്നെ അതിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന പിശാച് ഉണ്ടായിരിക്കും.” (അഹ്മദ്, ഹാകിം, നസാഇ, ഇബ്നു മാജ)

നബി(സ)യുടെ കര്‍ശനമായ ഈ മുന്നറിയിപ്പ് മുഖവിലക്കെടുത്ത വിശ്വാസികളെ ജമാഅത്തുകാര്‍ പരിഹസിച്ചത് ‘സ്കെയില്‍ മത’ത്തിന്റെ അനുയായികള്‍ എന്ന് വിശേഷിപ്പിച്ചാണ് (പ്രബോധനം 1428 മുഹര്‍റം 1).

സുന്നത്തിനോട് പ്രതിബദ്ധത കാണിക്കുന്ന സലഫികളെ പുച്ഛിച്ചുകൊണ്ട് ഇവര്‍ എഴുതി: “മുട്ടിനു താഴെ പെട്ടന്നവസാനിക്കുന്ന മിനിസ്കര്‍ട്ടും ഒരു കാലത്തും ബാര്‍ബറുടെ കരങ്ങള്‍ തലോടിയിട്ടില്ലാത്ത താടിരോമങ്ങളും ദന്തങ്ങളില്‍ സദാ വിഹരിക്കുന്ന അറാക്കിന്റെ കൊള്ളിയും ഇവരെ വേര്‍തിരിച്ചു നിറുത്തുന്നു. സഹിഷ്ണുതയുടേയും വിട്ടുവീഴ്ചയുടേയും ശത്രുക്കളായ ഈ സലഫി മുതശദ്ദിദുകള്‍ ഏറ്റവുമൊടുവില്‍ ഏര്‍പ്പെട്ടിരിക്കുന്നത് നമസ്കാരത്തിന്റെ തശഹുദില്‍ ചൂണ്ടുവിരല്‍ ഇളക്കിക്കൊണ്ടിരിക്കണമോ വെറുതെ നിറുത്തിയാല്‍ മതിയോ എന്ന വിവാദത്തിലാണ്. നമസ്കാരത്തില്‍ കൈ നെഞ്ചിനു മീതെ തന്നെ വേണമെന്നതും അലംഘനീയമാണ്. (പ്രബോധനം 27 ജൂണ്‍ 1992)

പ്രവാചകന്റെ ഹദീസുകള്‍ക്കും സുന്നത്തുകള്‍ക്കും നേരെ ഈ രൂപത്തില്‍ പരിഹാസം ചൊരിയുന്ന നിലപാടുകള്‍ ഇസ്‌ലാമിനോടുള്ള ജമാഅത്തിന്റെ കൂറില്ലായ്മയും അഴകൊഴമ്പന്‍ സമീപനവുമാണ് വ്യക്തമാക്കുന്നത്.

**ഇഖ്‌വാന്‍-ജമാഅത്ത് ബാന്ധവം**

ജമാഅത്തിന്റെ സാഹിത്യങ്ങളും പ്രവര്‍ത്തകരും ലോകമാകെ പരന്നിട്ടുള്ളതാണെന്നും, അവയില്‍ നിന്നും പ്രചോദനം ഉള്‍കൊണ്ട് പല ഇസ്‌ലാമിക ഗ്രൂപ്പുകളും ലോകത്തിന്റെ പലഭാഗങ്ങളിലായി ഉയര്‍ന്നുവന്നിട്ടുണ്ടെന്നും, ആഗോളതലത്തില്‍ ഇന്ന് ദൃശ്യമാകുന്ന ഇസ്‌ലാമിക നവജാഗരണത്തില്‍ ജമാഅത്തിനുള്ള പങ്ക് ആരെത്ര ശ്രമിച്ചാലും നിഷേധിക്കാനാവാത്തതാണ് എന്നെല്ലാം പ്രബോധനം ജ.ഇ അമ്പതാം വാര്‍ഷിക പതിപ്പ് അവകാശപ്പെടുന്നു. ഈ മാറ്റത്തിനെല്ലാം നിദാനമായത് ഹസനുല്‍ ബന്ന രൂപീകരിച്ച ഇഖ്‌വാനുല്‍ മുസ്‌ലിമൂനുമായി ചേര്‍ന്നുകൊണ്ടുള്ള ഇവരുടെ പ്രവര്‍ത്തനമാണത്രേ.

മൗദൂദി സാഹിബ് ഇസ്‌ലാമിന്റെ പേരിൽ ആവിഷ്കരിച്ച പുതിയ സിദ്ധാന്തങ്ങൾ അറബ് നാടുകളിൽ പരിചയപ്പെടുത്തുക എന്ന ദൗത്യമാണ് ഇഖ്‌വാനികൾ നിർവ്വഹിച്ചത്. ഇഖ്‌വാൻ –ജമാഅത്ത് ബന്ധത്തെപ്പറ്റി പാകിസ്ഥാൻ ജമാഅത്ത് നേതാവ് മൗലാനാ ഖലീൽ ഹാമിദി പറയുന്ന അഭിപ്രായം അതുകൊണ്ടുതന്നെ ഏറെ പ്രസക്തമാണ്: ''എന്റെ വീക്ഷണത്തിൽ ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനുൽ മുസ്‌ലിമൂനും ഇരട്ട സഹോദരങ്ങളാണ്. രണ്ടിന്റെയും ഗർഭകാലവും ജനനസമയവും ഏറെക്കുറെ ഒന്നുതന്നെയാണ്. 1928ൽ ഈജിപ്തിലെ ഇസ്മാഈലിയാ പട്ടണത്തിലാണ് അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപിതമായത്. ജമാഅത്തെ ഇസ്‌ലാമിയുടെ ആവിർഭാവം 1941ൽ ആയിരുന്നുവെങ്കിലും മൗദൂദി ഇസ്‌ലാമിന്റെ വിപ്ലവാത്മകമായ പ്രബോധനം 1923ൽ തർജ്ജുമാനുൽ ഖുർആൻ മുഖേന ആരംഭിച്ചിരുന്നു. മൗലാനാ 'അൽജിഹാദുൽ ഇസ്‌ലാം' എന്ന വിശ്വപ്രസിദ്ധ ഗ്രന്ഥം 1923ലാണ് എഴുതിയത്. മൗലാനയുടെ വിപ്ലവ ചിന്തയും ദീനിനെ സംബന്ധിച്ചുള്ള സമ്പൂർണ വിഭാവനയും ഈ ഗ്രന്ഥത്തിൽ സുതരാം പ്രകടമാണ്....'' (ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം ലോകത്തിന് നൽകിയ സംഭാവനകൾ, പ്രബോധനം ജ.ഇ അമ്പതാം വാർഷിക പതിപ്പ്). ഇന്തോനേഷ്യ മുതൽ അൽജീരിയ വരെയുള്ള യൂനിവേഴ്സിറ്റികളിൽ ഡോക്ടേറ്റിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളിലും രഹസ്യ–തീവ്ര സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലുമൊക്കെ അബുൽ അഅ്‌ലാ മൗദൂദി ആവിഷ്കരിച്ച, സയ്യിദ് ഖുതുബ് അറബ് ലോകത്തിന് പ്രചാരണം നൽകിയ ഹാകിമിയതുല്ലാ എന്ന പ്രയോഗം വന്നുകൊണ്ടിരിക്കുന്നു എന്നും ഫഹ്മി ഹുവൈദിയെ ഉദ്ധരിച്ചുകൊണ്ട് ജമാഅത്തിന്റെ പ്രസിദ്ധീകരണം പറഞ്ഞിട്ടുണ്ട് (ഇബാദത്ത് ഒരു സമഗ്രപഠനം, പേജ് 38). 'ആധുനിക യുഗത്തിൽ ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിതവ്യവസ്ഥയായും ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കെതിരിൽ ബദൽശക്തിയായും അവതരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച രണ്ടു മഹാരഥന്മാരാണ് മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയും ഹസനുൽ ബന്നയും' (ഇരുപതാം നൂറ്റാണ്ടിലെ നവോത്ഥാന നായകൻമാർ, പ്രബോധനം ജ.ഇ അമ്പതാം വാർഷിക പതിപ്പ്) എന്നാണ് ജമാഅത്തിന്റെ പൊതുവെയുള്ള അവധാരണം.

## ജമാഅത്തും ശീഈസവും

സമകാലിക സംഭവവികാസങ്ങൾ പരിശോധിച്ചാൽ ഇസ്‌ലാമിക ലോകം ഇന്ന് രൂക്ഷമായ ആപത്ത് നേരിട്ട് കൊണ്ടിരിക്കുന്നതായി കാണാം; ഇത് ശീഈ നേതാവായിരുന്ന ഖുമൈനിയുടെ ഇറാൻ വിപ്ലവത്തിന്റെ സംഭാവനയാണ്. ഇസ്‌ലാമിക സമൂഹത്തെ തുണ്ടുകളാക്കി പിടിച്ചടക്കാനും, അതിനുവേണ്ടി കമ്യൂണിസ്റ്റുകാർ, ജൂതൻമാർ, ഫ്രീമസോൺ പോലെയുള്ള നിഗൂഢ പ്രസ്ഥാനത്തിന്റെ വക്താക്കൾ, നിരീശ്വരവാദികൾ, വിശ്വാസവ്യതിയാനം സംഭവിച്ച മുസ്‌ലിം കക്ഷികൾ എന്നിങ്ങനെ ഇസ്‌ലാം ദീനിന്റെ മുഴുവൻ ആദർശവിരോധികളുമായും സഹകരണം അന്ന് ശീഈകൾ ഉപയോഗിച്ചിരുന്നു. മുസ്‌ലിം ലോകത്തിന്റെ ആദർശത്തെ അട്ടിമറിച്ചുകൊണ്ട് പ്രവാചകൻ(സ)ക്ക് മുമ്പുണ്ടായിരുന്ന ജാഹിലിയ്യാ വിശ്വാസത്തിലേക്ക് ഇസ്‌ലാമിനെ തിരികെ കൊണ്ടെത്തിക്കുക എന്നതാണ് പ്രസ്തുത വിപ്ലവത്തിലൂടെ ഇവർ ലക്ഷ്യമിട്ടിരുന്നത്. ഈ വിപ്ലവത്തിന്റെ നായകനായ ഖുമൈനിയുടെ സൈദ്ധാന്തികവും ധൈഷണികവുമായ ആദർശത്തിന്റെ പശ്ചാതലത്തെ കുറിച്ച് കൃത്യമായ ബോധമില്ലാത്ത, അയാളുടെ ഉദ്ദേശ്യം എന്തെന്നറിയാത്ത ധാരാളം മുസ്‌ലിം ചെറുപ്പക്കാർ അതിനെ അനുകൂലിക്കുന്നവരിൽ ഉണ്ടായിരുന്നു. അവരെയെല്ലാം വഴിതെറ്റിക്കാൻ കാരണമായത് ജമാഅത്തിന്റെ ശീഈ അനുകൂല പ്രസ്താവനകളാണ്. മൗദൂദിയുടെ ഒരു ആഹ്വാനം നോക്കൂ: ''ഖുമൈനിയുടെ വിപ്ലവം തികച്ചും ഇസ്‌ലാമിക വിപ്ലവമാണ്. വിപ്ലവത്തിന് നേതൃത്വം നൽകുന്നത് ഇസ്‌ലാമിക സംഘടനയും അവരിൽ നിന്ന് പരിശീലനം നേടിയ യുവാക്കളുമാണ്. അതുകൊണ്ട് മുസ്‌ലിംകൾ പൊതുവിലും സംഘടനകൾ പ്രത്യേകിച്ചും ഈ വിപ്ലവത്തെ

പിന്തുണക്കുകയും എല്ലാ മാർഗങ്ങളുമുപയോഗിച്ച് ഈ വിപ്ലവത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്'' (മജല്ലത്തുദ്ദഅ്‌വ: 1979 ആഗസ്റ്റ്, ലക്കം 39)

ക്വുർആനിന്റെ യഥാർത്ഥ പകർപ്പ് അലി(റ) ക്രോഡീകരിച്ചതാണെന്നും അത് അദൃശ്യനായി കഴിയുന്ന ഇമാമിന്റെ കൈയ്യിലാണുള്ളതെന്നും ഇന്ന് നമ്മുടെ പക്കലുള്ള ക്വുർആനിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് അതെന്നുമൊക്കെ ശീഈകളുടെ വിശ്വാസമാണ് (ഉസൂലിൽ കാഫി, പേജ്: 171). മുഹമ്മദ് നബി(സ) മരണപ്പെട്ട ശേഷം ജിബ്‌രീൽ(അ) വഹ്‌യുമായി ഫാത്വിമ(റ)യുടെ അടുക്കൽ വരാറുണ്ടായിരുന്നു എന്നും അതാണ് ഫാത്വിമയുടെ മുസ്ഹഫ് എന്നും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ഖുമൈനി (കഷ്ഫുൽ അസ്‌റാർ, ഖുമൈനി, പേജ് 143). മലക്കുകളേക്കാളും പ്രവാചകൻമാരേക്കാളും മെച്ചപ്പെട്ടവർ ശീഈകളുടെ ഇമാമുമാരാണെന്നും, ക്വുർആനിന് തുല്യമായ ശിക്ഷണമാണ് ഈ ഇമാമുകളുടേതെന്നും, പരിശുദ്ധരായ അവർ മറവിയോ അശ്രദ്ധയോ പറ്റാത്തവരാണ് എന്നൊക്കെ ജൽപിച്ച വ്യക്തികൂടിയാണ് ഖുമൈനി. മാത്രമല്ല പ്രവാചകൻ(സ)യുടെ മേൽ അപഖ്യാതിയുണ്ടാക്കുന്ന ധാരാളം പ്രസ്താവനകൾ ഖുമൈനിയുടേതായിട്ടുണ്ട്.

അല്ലാഹുവിന്റെ പ്രവാചകൻ(സ)യുടെ സ്വഹാബത്തിനെ അധിക്ഷേപിക്കുന്ന, വിശിഷ്യാ മഹാൻമാരായ അബൂബക്കർ(റ)വിന്റെയും ഉമർ(റ)ന്റെയും പേരിൽ കുഫ്ർ ആരോപിക്കുന്ന ഖുമൈനിയുടെ മതനിഷേധ പ്രവണതക്കെതിരെ നിരവധി മതകേന്ദ്രങ്ങൾ ഫത്‌വ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഹി. 1400 (1980) റമളാൻ 9ന് മുസ്‌ലിം വേൾഡ് ലീഗ് പ്രഖ്യാപിച്ചതും, അതേ കേന്ദ്രത്തിൽനിന്നു തന്നെ ഹി. 1408 (1987) സഫർ മാസത്തിൽ അതിന്റെ മൂന്നാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച മറ്റൊരു ഫത്‌വയും, ഹി. 1400ൽ മൊറോക്കയുടെ മതകാര്യ വകുപ്പ് പുറപ്പെടുവിച്ച ഫത്‌വയും അതിനുദാഹരണങ്ങളാണ്. ടുനീഷ്യൻ റിപബ്ലിക്കിന്റെ നിയമോപദേശകൻ ശൈഖ് അൽഹബീബ് ബൽഖോജാ, വിശ്വവിഖ്യാത പണ്ഡിതൻ ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ് (റഹി), പ്രസിദ്ധ ഹദീസ് പണ്ഡിതനായ ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റഹി) തുടങ്ങി ഒട്ടനവധി മതകാര്യ കേന്ദ്രങ്ങളിൽ നിന്നും പണ്ഡിതശ്രേഷ്ഠരിൽ നിന്നും ഇയാൾക്കെതിരിലുള്ള പ്രസ്താവനകൾ കാണാൻ കഴിയും.

ഖുമൈനിയുടെ 'ഹുകുമത്തെ ഇലാഹി' എന്ന പേർഷ്യൻ പുസ്തകത്തിലൂടെയാണ് ഇയാളുടെ ഒട്ടുമിക്ക വഴിതെറ്റിക്കുന്ന ചിന്തകളും പുറംലോകം അറിയുന്നത്. ജമാഅത്തിന്റെ ആദർശപ്രചാരകരാണ് 'ദ ഇസ്‌ലാമിക് ഗവൺമെന്റ്' എന്ന പേരിൽ ഈ കൃതി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത്. ഇപ്രകാരം ശീഈസത്തെ അഹ്‌ലുസ്സുന്നത്തിന്റെ ഇടയിൽ അവതരിപ്പിക്കാൻ ആവുംവിധം പണിയെടുക്കുന്നവരാണ് ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനുൽ മുസ്‌ലിമൂനും. കേരളത്തിൽതന്നെ ഇവരുടെ ഈ രൂപത്തിലുള്ള പ്രബോധന പ്രവർത്തനങ്ങൾ ധാരാളം നമുക്ക് കാണാം. ശീഈകൾ സ്വഹാബത്തിനെ കടുത്താക്ഷേപിക്കുന്ന പല കൃതികളും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണാലയമായ ഐ.പി.എച്ചും, ഇവരുടെ സഹോദര പ്രസാധകരായ ഇസ്‌ലാമിക് ഫൗണ്ടേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സയ്യിദ് ഖുതുബിന്റെ 'ഇസ്‌ലാമിലെ സാമൂഹ്യ നീതി' എന്ന ഗ്രന്ഥം മലയാളത്തിലേക്കെത്തിയത് ഇവരുടെ സംഭാവനയായിട്ടാണ്. സ്വർഗാവകാശിയെന്ന് നബി(സ) അറിയിച്ച ഉസ്മാൻ(റ)വിനെ അന്യായക്കാരനും സ്വഹാബികളിൽ അധികപേരുടെയും ആക്ഷേപത്തിനിട നൽകിയവനുമൊക്കെയായി അതിൽ ചിത്രീകരിക്കുന്നുണ്ട് (പേജ്: 283). ജമാഅത്ത് നേതാവായിരുന്ന ടി. മുഹമ്മദ് സാഹിബിന്റെ അവതാരികയോടെ ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച 'രക്തസാക്ഷ്യം' എന്ന അലിശരീഅത്തിയുടെ കൃതിയിൽ ഇസ്‌ലാമിനും ജാഹിലിയ്യത്തിനുമിടയിൽ ഒരു ഇടക്കണ്ണിയായി വർത്തിച്ച വ്യക്തിയായിട്ടാണ് ഉസ്മാൻ(റ)വിനെ ആക്ഷേപിക്കുന്നത് (പേജ്: 37). അബുദ്ദർദാഅ്, അബൂഹുറയ്‌റ,

അബൂമൂസ (റ) തുടങ്ങിയ പ്രഗത്ഭരായ സ്വഹാബികൾ ഹദീഥ് നിവേദനത്തിന് കമ്മീഷൻ നിശ്ചയിക്കപ്പെട്ടവരാണെന്ന ഗുരുതരമായ ആക്ഷേപവും അതേ ഗ്രന്ഥത്തിലുണ്ട് (പേജ്: 49). ഇപ്രകാരം അല്ലാഹു തൃപ്തിപ്പെട്ട, സ്വർഗാവകാശികളായ പ്രവാചകൻ(സ)യുടെ അനുചരൻമാരെ അധിക്ഷേപിക്കുന്ന ശീഈകളുടെ രക്ഷാധികാരികളായി മാറിയിരിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമി. മുആവിയ(റ)നെ കുറിച്ച് ഏതെങ്കിലും ഒരു ജമാഅത്ത് പ്രവർത്തകനോട് ചോദിച്ചാൽ സ്വഹാബത്തിനു നേരെയുള്ള ആക്ഷേപ കൃതികളുടെ ദുസ്സ്വാധീനം എത്രമാത്രം ഉണ്ടെന്ന് അവരുടെ മറുപടിയിലൂടെ ബോധ്യപ്പെടും, തീർച്ച. അബൂ തൗബ റബീഅ് ബ്ൻ നാഫിഅ് അൽ ഹലബി (റഹി)യുടെ ഈ പ്രസ്താവന എന്തുമാത്രം ശരി!

معاوية ستر لأصحاب محمد صلى الله عليه وسلم ، فإذا كشف الرجل الستر اجترأ على ما وراءه

“മുഹമ്മദ് നബി(സ്വ)യുടെ സ്വഹാബത്തിനെ കാക്കുന്ന മറയാണ് മുആവിയ(റ). ഒരാൾ ആ മറ തകർത്താൽ അതിനപ്പുറത്തുള്ള മറ്റെന്തിനേയും തകർക്കാൻ അയാൾ ധൈര്യം കാട്ടും.” (അൽബിദായ വന്നിഹായ 8/139)

**തൗഹീദു അർറുബൂബിയ്യയും അൽഉലൂഹിയ്യയും**

‘ദ ഇസ്‌ലാമിക് ഗവൺമെന്റ്’ എന്ന ഗ്രന്ഥത്തിന്റെ പ്രസാധകക്കുറിപ്പിൽ ഇവർ എഴുതി: “ഇറാനിൽ ഇന്ന് മതം സമൂഹത്തേയും ജീവിതത്തേയും മുഴുവനായി ഭരിക്കുന്നു. 1979 ഫെബ്രുവരി 11ന് വിജയിച്ച ഇസ്‌ലാമിക വിപ്ലവമാണ് അതിനുള്ള സാഹചര്യം സൃഷ്ടിച്ചത്” (പേജ്: 9). ഇന്ത്യയിലെ ജനാധിപത്യവും ഇറാനിലെ ജനാധിപത്യവും തമ്മിലുള്ള അന്തരം എന്തെന്ന ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ ‘മുജീബ്’ ഇക്കാര്യം ആണയിട്ടു പറയുന്നു: “ഇറാനിലെ ജനാധിപത്യ വ്യവസ്ഥയിൽ പരമാധികാരം ദൈവത്തിനാണ്. ദൈവിക നിയമങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ നിർമ്മിക്കാൻ ജനപ്രതിനിധികൾക്കവകാശമില്ല എന്നാൽ ഇന്ത്യയിലെ പശ്ചാത്യ മോഡൽ ജനാധിപത്യ വ്യവസ്ഥിതിയിൽ പരമാധികാരം ജനങ്ങൾക്കാണ്. ഇതാണ് രണ്ടും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരം.” (പ്രബോധനം, ചോദ്യോത്തരം, 13 സപ്തമ്പർ 1980)

ഇസ്‌ലാം യോജിക്കുന്ന വിശ്വാസങ്ങളോ അനുഷ്ഠാനങ്ങളോ അല്ല ഇറാൻ ഭരണകൂടത്തിലുള്ള ശീഈകൾക്കുള്ളത്. ഇസ്‌ലാമിന്റെ വിശ്വാസാനുഷ്ഠാനങ്ങളെ കൃത്യമായി ക്രോഢീകരിച്ച ഹദീസ് ഗ്രന്ഥങ്ങളെ പോലും തിരസ്കരിച്ച ഇവർ ക്വുർആനിലും സുന്നത്തിലുമുള്ള ആശയാദർശങ്ങൾക്ക് നേരെ വിപരീതമായ വിശ്വാസം വെച്ചുപുലർത്തുന്നവരാണ്. ഇതു നിമിത്തം അല്ലാഹുവിന്റെ ശരീഅത്ത് പ്രകാരമല്ല ഇറാനിലെ ഭരണകർത്താക്കൾ വിധി നടപ്പിലാക്കുന്നത് എന്ന് അനായാസേന തെളിയിക്കാൻ കഴിയും. പ്രപഞ്ചത്തിന്റെ നിയന്ത്രണാധികാരത്തിൽ ഇമാമുകൾക്ക് പങ്കുണ്ടെന്ന് വാദിക്കുന്ന ഖുമൈനിയും കൂട്ടരും അർറുബൂബിയ്യത്തിൽ അല്ലാഹുവിൽ പങ്കുചേർക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യം പഠിപ്പിക്കാതെ അവർ നയിച്ച വിപ്ലവത്തെ ഇസ്‌ലാമികമാക്കാൻ ശ്രമിക്കുന്നവർ ശരിയായ അക്വീദയില്ലാത്തവരാണ്. ഇറാനിലെ മുക്കിലും മൂലയിലും മരിച്ചു മൺമറഞ്ഞുപോയവരുടെ ശവകുടീരങ്ങൾ കെട്ടിപ്പൊക്കിയതായി കാണാം. കിടത്തിയിട്ട ഇത്തരം ബിംബങ്ങളോട് നേർക്കുനേരെ പ്രാർത്ഥിക്കുന്ന ശീഈകൾ അൽഉലൂഹിയ്യത്തിൽ അല്ലാഹുവിൽ പങ്കുചേർക്കുമ്പോഴാണ് അവരുടെ പക്കലുള്ളത് യഥാർത്ഥ ഹാകിമിയ്യത്താണ് എന്ന വിവരക്കേട് പ്രചരിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമി പരിശ്രമിക്കുന്നത്. ഈ വിഷയത്തിൽ ജമാഅത്തിന് പിണഞ്ഞ ആഴമേറിയ അബദ്ധം എന്താണെന്ന് മനസ്സിലാക്കാൻ ഉതകുന്നതാണ് ക്വുർആനും

സുന്നത്തുമനുസരിച്ച് വിധിക്കുന്നതിനെ കുറിച്ച് ശൈഖ് ഫൗസാൻ ( حَفِظَهُ الله ) നൽകിയ താഴെയുള്ള വിശദീകരണം:

وجوب تحكيم الكتاب والسنة في كل المنازعات، لا في بعضها دون بعض، فيجب تحكيمها في أمر العقيدة، وهذا أهم شيء، وفي المنازعات الحقوقية بين الناس، وفي المنازعات المنهجية والمذاهب والمقالات، وفي المنازعات الفقهية: ﴿ فَإِن تَنَٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ ﴾ أما الذي يريد أن يأخذ جانبا فقط، ويترك ما هو أهم منه، فهذا ليس تحاكما إلى كتاب الله.

فما يقوله دعاة الحاكمية اليوم ويريدون تحكيم الشريعة في أمور المنازعات الحقوقية، ولا يحكموها في أمر العقائد، ويقولون: الناس أحرار في عقائدهم، يكفي أنه يقول: أنا مسلم، سواء كان رافضيا أو كان جهميا أو معتزليا، أو . أو . إلى آخره، "نجتمع على ما اتفقنا عليه، ويعذر بعضنا بعضا فيما اختلفنا فيه" هذه القاعد التي وضعوها، ويسموها: القاعدة الذهبية . وهي في الحقيقة: تحكيم للكتاب في بعض، وترك له فيما هو أهم منه، لأن تحكيم الشريعة في أمر العقيدة أعظم من تحكيمها في شأن المنازعات الحقوقية ، فتحكيمها في أمر العقيدة وهدم الأضرحة ومشاهد الشرك، ومقاتلة المشركين حتى يؤمنوا بالله ورسوله، هذا أهم.

فالذي إنما يأخذ جانب الحاكمية فقط ويهمل أمر العقائد، ويهمل أمر المذاهب والمناهج التي فرقت الناس الآن، ويهمل أمر النزاع في المسائل الفقهية، ويقول: أقوال الفقهاء كلها سواء، نأخذ بأي واحد منها دون نظر إلى مستنده . فهذا قول باطل، لأن الواجب أن نأخذ بما قام عليه الدليل، فيحكم كتاب الله في كل المنازعات العقدية، وهذا هو الأهم، والمنازعات الحقوقية، والمنازعات المنهجية، والمنازعات الفقهية ﴿ فَإِن تَنَٰزَعْتُمْ فِى شَىْءٍ ﴾ هذا عام ﴿ وَمَا ٱخْتَلَفْتُمْ فِيهِ مِن شَىْءٍ فَحُكْمُهُۥٓ إِلَى ٱللَّهِ ﴾ هذا عام أيضا.

وهؤلاء الذين جعلوا الحاكمية بدل التوحيد غالطون، حيث أخذوا جانبا وتركوا ما هو أعظم منه، وهو العقيدة، وتركوا ما هو مثله – أو هو أعظم منه – وهو المناهج التي فرقت بين الناس، كل جماعة لها منهج، كل جماعة لها مذهب، لم لا نرجع إلى الكتاب والسنة ونأخذ المنهج والمذهب الذي يوافق الكتاب والسنة ونسير عليه.

والحاصل؛ أن تحكيم الكتاب والسنة يجب أن يكون في كل الأمور، لا في بعضها دون بعض، فمن لم يحكم الشريعة في كل الأمور كان مؤمنا ببعض الكتاب وكافرا ببعض شاء أم أبى، ﴿ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ﴾﴿ ﴾

“ഏത് തരം അഭിപ്രായഭിന്നതയാണെങ്കിലും അത് ക്വുർആനും സുന്നത്തും അനുസരിച്ചാണ് വിധിതേടേണ്ടത്. ഏതെങ്കിലും ചിലതിനെ മാറ്റിനിർത്തിക്കൊണ്ട് മറ്റു ചിലതിൽ മാത്രം സ്വീകരിക്കേണ്ട നയമല്ല ഇത്. അതിനാൽ, അക്വീദയുടെ വിഷയത്തിൽ ക്വുർആനും സുന്നത്തും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തീർപ്പുകൽപ്പിക്കണം. ഇതാണ് പരമപ്രധാനം. മനുഷ്യർക്കിടയിലുള്ള തർക്കങ്ങളുടെ വിഷയത്തിലും, മനുഷ്യാവകാശങ്ങളിലുള്ള തർക്കത്തിലും മൻഹജിയായ വിഷയത്തിലും മദ്ഹബിന്റെ വിഷയത്തിലും പ്രാസ്ഥാനിക വിഷയത്തിലും കർമ്മശാസ്ത്രപരമായ തർക്കത്തിലും ക്വുർആനിലേക്കും സുന്നത്തിലേക്കുമാണ് വിധിതേടേണ്ടത്. “ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പു□ ാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.” (നിസാഅ്: 59). എന്നാൽ, ഒരു ഭാഗം മാത്രം സ്വീകരിക്കുകയും അതിനേക്കാൾ സുപ്രധാനമായത് ഒഴിവാക്കുകയും ചെയ്യുന്നവൻ: അവന്റെ ചെയ്തി, അതൊരിക്കലും അല്ലാഹുവിന്റെ കിതാബിലേക്ക് വിധി തേടൽ അല്ലേ അല്ല!

എന്നാൽ, ഇന്ന് ഹാകിമിയ്യത്ത് വാദക്കാർ ചെയ്യുന്നതെന്താണ്? (മനുഷ്യരുടെ) അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രമാണ് അവർ ശരീഅത്തിലേക്ക് വിധിതേടുന്നത്. അക്വീദയുടെ വിഷയത്തിൽ അവർ സ്വതന്ത്രരാണ്. എന്നിട്ട് അവർ

പറയുകയും ചെയ്യും, "(വിശ്വാസകാര്യങ്ങളിൽ ഇഷ്ടമുള്ളത് വിശ്വസിച്ചു കൊള്ളുവാൻ). 'ഞാൻ മുസ്‌ലിമാണ്' എന്നവൻ പറഞ്ഞാൽ മതി; അവൻ റാഫിദിയോ, ജഹ്മിയോ, മുഅ്തസിലിയാ, ആരായാലും ശരി." കൂടാതെ, "അഭിപ്രായ വ്യത്യാസമില്ലാത്ത വിഷയങ്ങളിൽ നമുക്ക് യോജിക്കുകയും, അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളിൽ പരസ്പരം ഒഴിവ്കഴിവ് അന്വേഷിക്കുകയും ചെയ്യാം" എന്നത് ഇവർ ആസൂത്രണം ചെയ്ത തത്വമാണ്. അതിനെ അവർ 'സുവർണ്ണതത്വം' എന്ന് വിളിക്കുന്നു. ആ തത്വമാകട്ടെ, ചില വിഷയങ്ങളിൽ മാത്രം ക്വുർആനിലേക്ക് വിധിതേടുകയും, അതിനേക്കാൾ പരമപ്രധാനമായ മറ്റു വിഷയങ്ങളിൽ ക്വുർആനിനെ അവഗണിക്കുകയും ചെയ്യുന്ന ഒന്നാണ് കാരണം (ജനങ്ങളുടെ) അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശരീഅത്തനുസരിച്ച് വിധിക്കുന്നതിനേക്കാൾ പ്രധാനമാണല്ലോ അക്വീദയുടെ വിഷയത്തിൽ വിധി നടത്തുന്നത്. അക്വീദയുടെ വിഷയത്തിലും ജാറങ്ങൾ നിരപ്പാക്കുന്നതിലും ശിർക്കിന്റെ വേദികൾ തകർക്കുന്ന വിഷയത്തിലും, മുശ്‌രിക്കുകൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നത് വരെ അവരുമായി ധർമ്മസമരത്തിൽ ഏർപ്പെടുന്ന വിഷയത്തിലും ശരീഅത്തിലേക്ക് വിധിതേടുകയാണ് വേ ത്. അതാണ് ഏറ്റവും പ്രധാനം.

ഹാകിമിയ്യത്തിന്റെ ഏതെങ്കിലും ഒരു വശം മാത്രം സ്വീകരിച്ച്, ജനങ്ങൾ ഭിന്നിച്ചതായ പ്രധാന കാരണങ്ങളായ അക്വീദ, മദ്ഹബ്, മൻഹജ്, ഫിക്വ്ഹ്, തുടങ്ങിയ വിഷയങ്ങളൊക്കെ അവഗണിക്കുന്നു. കർമശാസ്ത്രപരമായ വിഷയത്തിലെ തർക്കത്തിൽ അവർ പറയും, 'ഫുക്വഹാക്കളുടെ വാക്കുകളെല്ലാം ഒരേ പദവിയിലുള്ളതാണ്. അതിലേതെങ്കിലുമൊന്ന് നാം സ്വീകരിക്കും തെളിവ് നോക്കേ തില്ല' ഇത് നിരർത്ഥകമായ ഒരു വർത്തമാനമാണ്. എന്തെന്നാൽ, തെളിവ് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് സ്വീകരിക്കലാണ് നമ്മുടെ ബാധ്യത. വിശ്വാസകാര്യങ്ങളിൽ ക്വുർആനനുസരിച്ചാണ് വിധിതേടേ ത്. അതാണ് ഏറ്റവും പ്രധാനം. (മനുഷ്യരുടെ) അവകാശങ്ങൾ, മൻഹജ്, ഫിക്വ്ഹ്, തുടങ്ങിയ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോഴും ക്വുർആനനുസരിച്ച് തീർപ്പു കൽപ്പിക്കണം. "ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ" (സൂറ. നിസാഅ്: 59) എന്നാണ് അല്ലാഹു പറഞ്ഞത്. അതായത് പൊതുവായി ഏത് വിഷയത്തിലും. മറ്റൊരിടത്ത്, "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പു കൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു." (സൂറ. ശൂറാ: 10) ഇതും പൊതുവിലാണ്.

തൗഹീദിന് ബദലായിക്കൊണ്ട് ഹാകിമിയ്യത്തിനെ അവതരിപ്പിക്കുന്നവർ വ്യക്തമായ പിഴവിലാണ്. അതിലെ ഒരു വശം മാത്രം സ്വീകരിച്ച്, സുപ്രധാനമായ അക്വീദയെ അവഗണിക്കുകയാണവർ ചെയ്യുന്നത്. അതു മാത്രമല്ല, അതിന് തുല്യമായ മറ്റു പലതിനെയും അവർ അവഗണിച്ചു. ഉദാഹരണത്തിന്, ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയ മൻഹജുകൾ. എല്ലാ വിഭാഗത്തിനും അവരുടേതായ മൻഹജുണ്ട്. എല്ലാ വിഭാഗത്തിനും അവരുടേതായ മദ്ഹബുമുണ്ട്. എന്തു കൊണ്ട് നമുക്ക് ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങി, അവയോട് യോജിച്ച മൻഹജും മദ്ഹബും സ്വീകരിച്ച് അതിലൂടെ സഞ്ചരിച്ചു കൂടാ?

ചുരുക്കത്തിൽ, എല്ലാ കാര്യത്തിലും ക്വുർആനും സുന്നത്തിലേക്കും വിധിതേടൽ നിർബന്ധമാണ്; ഏതെങ്കിലും ചിലതിനെ ഒഴിവാക്കി മറ്റു ചിലതിൽ മാത്രമല്ല. അതിനാൽ, മുഴുവൻ കാര്യങ്ങളിലും ശരീഅത്തനുസരിച്ച് തീർപ്പു കൽപ്പിക്കാത്തവൻ വേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് അവിശ്വസിക്കുകയുമാണ് ചെയ്യുന്നത്; അവനത് ഉദ്ദേശിച്ചാലും ഇല്ലെങ്കിലും ശരി. അല്ലാഹു പറയുന്നു, "നിങ്ങൾ വേദ

ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് തള്ളിക്കളയുകയുമാണോ?" (സൂറ. ബക്വറ: 85)

*(കിതാബുത്തൗഹീദിന്റെ വിവരണമായ إعانة المستفيد بشرح كتاب التوحيد എന്ന ഗ്രന്ഥത്തിൽ)*

**തൗഹീദുൽ അസ്മാഉ വസ്സ്വിഫാതിലെ പിഴവുകൾ**

ഒരു മുസ്‌ലിമിന്റെ മേലുള്ള ഒന്നാമത്തെ ബാധ്യത ശരിയായ അക്വീദയെ കുറിച്ച് അറിയലും അതിനെ മുറുകെ പിടിക്കലുമാണ്. എന്നാൽ തൗഹീദു അർറുബൂബിയ്യയിലും തൗഹീദു അൽഉലൂഹിയ്യയിലും ഗുരുതരമായ വീഴ്ചയാണ് ജമാഅത്തെ ഇസ്‌ലാമി വരുത്തിയിട്ടുള്ളത്. അതേ രൂപത്തിൽ തന്നെയാണ്, അസ്മാഉ വസ്സ്വിഫാത്തിന്റെ വിഷയത്തിലും ജമാഅത്തിന് സംഭവിച്ച പിഴവുകൾ.

ഉപകാരപ്രദമായ വിജ്ഞാനങ്ങളിൽ പ്രധാനപ്പെട്ടതും പ്രഥമമായതുമാണ് അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും പ്രവർത്തനങ്ങളിലുമുള്ള അറിവ്, അഥവാ അല്ലാഹുവിന്റെ അസ്മാഉ വസ്വിഫാത്ത്. അതിലെ അല്ലാഹുവിന്റെ ഔന്നിത്യംവും (علو) അല്ലാഹു സിംഹാസനാരോഹിതനായതും അവന്റെ പരിശുദ്ധിക്ക് യോജിച്ച തരത്തിലാണെന്ന് നാം വിശ്വസിക്കുന്നു. ഇക്കാര്യം യാതൊരുവിധ മാറ്റവും വരുത്താതെയും നിഷേധിക്കാതെയും രൂപപ്പെടുത്താതെയും ചിത്രീകരിക്കാതെയും നാം വിശ്വസിക്കുന്നുവെന്നതാണ് അഹ്‌ലുസ്സുന്നത്തിന്റെ നിലപാട്. എന്നാൽ ഈ നിബന്ധനകളെല്ലാം വലിച്ചെറിഞ്ഞുകൊണ്ടാണ് അല്ലാഹു അവന്റെ അർശിലാരോഹിതനായതിനെ ജമാഅത്തെ ഇസ്‌ലാമി വിശദീകരിച്ചത്: "അല്ലാഹുവിന്റെ ഈ സിംഹാസനാരോഹണം ഏതുതരത്തിലുള്ളതാണെന്നു മനസിലാക്കുക നമ്മെ സംബന്ധിച്ചിടത്തോളം പ്രയാസകരമാണ്. ഒരു പക്ഷേ അവൻ പ്രപഞ്ചത്തെ സൃഷ്ടിച്ച ശേഷം വല്ല സ്ഥലവും തന്റെ അനന്തസാമ്രാജ്യത്തിന്റെ തലസ്ഥാനമായി നിഷ്ചയിച്ചിരിക്കാം. അവിടം അവന്റെ വെളിപാടുകളുടെ കേന്ദ്രമായി അംഗീകരിച്ചിരിക്കുകയുമാവാം. ആ വിശിഷ്ടസ്ഥാനത്തിനാവണം 'അർശ്' (സിംഹാസനം) എന്നു നാമകരണം ചെയ്തത്. സമസ്തലോകത്തിന് അസ്തിത്വത്തിന്റെയും ശക്തിയുടെയും അനുഗ്രഹം ചൊരിയുന്നതും പ്രപഞ്ചകാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്നതും അവിടെനിന്നാവാം. അഥവാ ഭരണാധിപത്യമെന്ന് മാത്രവുമാവാം സിംഹാസനത്തിന്റെ വിവക്ഷ. 'സിംഹാസനത്തിൽ ഉപവിഷ്ഠനാവുക' എന്നാൽ പ്രപഞ്ചസൃഷ്ടിക്ക് ശേഷം അല്ലാഹു ഭരണാധിപത്യത്തിന്റെ കടിഞ്ഞാൺ കയ്യിലെടുക്കുകയെന്നർത്ഥം." (തഫ്ഹീമുൽ ക്വുർആൻ, അഅ്റാഫ് 54 വ്യാഖ്യാനം)

വാസ്തവത്തിൽ അർശ് എന്നത് യാഥാർത്ഥ്യമാണ്. അതിന്റെ അസ്തിത്വം നബി(സ) വ്യക്തമാക്കിയതാണ്. അല്ലാഹുവിന്റെ മലക്കുകൾ അർശിനെ വഹിച്ചുകൊണ്ടുവരും എന്നുവരെ നബി(സ) അതിനെ സ്ഥിരപ്പെടുത്തി സംസാരിച്ചിട്ടുണ്ട്. അതിനെയാണ് "ഭരണാധിപത്യമെന്ന് മാത്രവുമാവാം സിംഹാസനത്തിന്റെ വിവക്ഷ" എന്ന് മൗദൂദി അന്യായമായി വ്യാഖ്യാനിച്ചത്. ഭരണം മാത്രം ലക്ഷ്യമാക്കികൊണ്ട് ക്വുർആൻ വ്യാഖ്യാനിക്കുന്നതിൽ വന്ന വലിയ അബദ്ധമാണ് ഇത്. അല്ലാഹു അവന്റെ അർശിൽ ആരോഹിതനായതിനെ അധികാരമേറ്റു എന്ന് വ്യാഖ്യാനിക്കുന്നത് അറബി ഭാഷയിലില്ലാത്തതും പൂർവികർ ഐക്യകണ്ഠേന നൽകിയ അർത്ഥത്തിന് വിരുദ്ധമായതുമാണെന്ന് അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രവുമല്ല, അപ്രകാരം വ്യാഖ്യാനിച്ചാൽ അല്ലാഹുവിന്റെ അർശ് അവന്റെ അധീനതയിൽ പെട്ടതല്ലായിരുന്നു എന്നും പിന്നീട് അവൻ അധികാരമേറ്റടുക്കുകയാണുണ്ടായത് എന്നെല്ലാമുള്ള ബുദ്ധിമോശം സമ്മതിക്കേണ്ടതായും വരും. അതുകൊണ്ട് തന്നെ അല്ലാഹു

സിംഹാസനത്തിൻമേൽ ആരോഹിതനായതിന്റെ ഉദ്ദേശ്യം പ്രപഞ്ചത്തിന്റെ അധികാരച്ചുമതലയേറ്റിരിക്കുകയാണ് എന്ന് വാദിക്കുന്ന ജമാഅത്തെ ഇസ്‌ലാമി ഉൾപ്പടെയുള്ളവർ സലഫുകളുടെ മൻഹജിലല്ല സഞ്ചരിക്കുന്നത്. മറിച്ച് പ്രസ്തുത വാദമുള്ള അശ്അരികളുടെയും, മറ്റു ഇൽമുൽ കലാമിന്റെ വക്താക്കളുടെയും പാതയാണ് ഇക്കൂട്ടർ സ്വീകരിച്ചിരിക്കുന്നത്.

അല്ലാഹുവിനെകുറിച്ച് പഠിക്കുമ്പോൾ ആദ്യമായി മനസിലാക്കാൻ ശ്രമിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് അവന്റെ ഔന്നിത്യം (علو). അല്ലാഹു ഉപരിയിലുള്ളവനാണെന്ന വസ്തുതയെ നിഷേധിച്ചവർ ചരിത്രത്തിൽ ധാരാളം കഴിഞ്ഞുപോയിട്ടുണ്ട്. വ്യതിചലിച്ച അതേ വിശ്വാസമാണ് ഈ വിഷയത്തിലും ജമാഅത്തെ ഇസ്‌ലാമി പഠിപ്പിച്ചു വരുന്നത്. ഉദാഹരണത്തിന്, ഖുതുബാത്തിലൂടെ നമുക്ക് ഇപ്രകാരം വായിക്കാം: ‘‘നമസ്കാരം അല്ലാഹുവിന്റെ കല്പനയായതുകൊണ്ട് നിർബന്ധമാണെന്നു ഗ്രഹിച്ച ഒരാൾ കൃത്യമായി അതു നിർവഹിക്കുന്നപക്ഷം — അതിൽ ചൊല്ലുന്നതിന്റെയും പ്രാർത്ഥിക്കുന്നതിന്റെയും അർഥമോ ഉദ്ദേശ്യമോ ഗ്രഹിച്ചില്ലെന്നു വന്നാൽപോലും — അവന്റെ ഹൃദയത്തിൽ അല്ലാഹുവിനെകുറിച്ചുള്ള ഭയഭക്തിയും, <u>അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനും</u> സൃഷ്ടികളുടെ സകലവിധ ചലനങ്ങളും കാണുന്നവനുമാണെന്ന ദൃഢവിശ്വാസവും, ദൈവസന്നിധിയിൽ ഒരിക്കൽ ഹാജരാകേണ്ടിവരുമെന്ന ബോധവും സ്ഥിരമായി നില്ക്കുമെന്നും നമസ്കാരത്തിന്റെ മേലുദ്ധരിച്ച സവിശേഷതകളിൽനിന്നു മനസിലാക്കാവുന്നതാണ്.’’ (ഖുതുബാത്ത്, നമസ്കാരത്തിൽ നാം എന്താണ് ചൊല്ലുന്നത്?)

എന്തുമാത്രം അപകടകരമായ വിശ്വാസമാണ് ജമാഅത്തെ ഇസ്‌ലാമി സമുദായത്തിൽ പ്രചരിപ്പിക്കുന്നത്. അല്ലാഹു എല്ലാ സ്ഥലത്തും ഹാജറുള്ളവനാണെന്ന പിഴച്ച വിശ്വാസം നാം സ്വീകരിക്കുവാൻ പാടുള്ളതല്ല. അബ്ദുല്ലാഹിബ്നുൽ മുബാറക് (റഹി) പറയുന്നതായി ഇമാം ഹാകിം (റഹി) ഉദ്ധരിക്കുന്നു:

**" نَعْرِف رَبّنَا فَوْق سَبْع سَمَاوَات عَلَى الْعَرْش اِسْتَوَى ، بَائِن مِنْ خَلْقه وَلَا نَقُول كَمَا قَالَتْ الْجَهْمِيَّة : إِنَّهُ هَاهُنَا ، وَأَشَارَ إِلَى الْأَرْض "**

‘‘നമ്മുടെ രക്ഷിതാവ് ഏഴാകാശങ്ങൾക്ക് മീതെ സൃഷ്ടികളിൽ നിന്ന് വേറിട്ട് സിംഹാസനാരോഹിതനാണെന്ന് നാം മനസിലാക്കുന്നു. ഭൂമിയിലേക്ക് ചൂണ്ടികൊണ്ട് (അദ്ദേഹം തുടർന്നു) ജഹ്മിയ്യാക്കൾ പറയുന്നത് പോലെ അല്ലാഹു ഇവിടെയൊക്കെ ഉണ്ട് എന്ന് നാം പറയുന്നില്ല’’ (ഹാകിം, ഉലൂമുൽ ഹദീസ്)

അല്ലാഹു ഉപരിയിലാണെന്നത് ക്വുർആനിലൂടെയും ഹദീസിലൂടെയും സ്ഥിരപ്പെട്ടതാണ്. എന്നാൽ ഈ രണ്ട് പ്രമാണങ്ങളേയും ഒരുമിച്ചു നിരാകരിക്കുകയാണ് സൂറഃ മുൽകിന്റെ 16ാം ആയത്തിലൂടെ മൗദൂദി ചെയ്യുന്നത്. ‘‘ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെയും...’’ എന്ന ക്വുർആനിക സൂക്തത്തിലെ ‘ആകാശത്തുള്ളവൻ’ എന്ന പ്രയോഗത്തിന് മൗദൂദി നൽകിയ വ്യാഖ്യാനം ശ്രദ്ധിക്കുക: ‘‘അല്ലാഹു ആകാശത്ത് വസിക്കുന്നു എന്നല്ല ഇതിന്നർഥം. പ്രത്യുത, മനുഷ്യൻ ദൈവത്തിലേക്ക് മടങ്ങാൻ ആഗ്രഹിക്കുമ്പോൾ പ്രകൃത്യാ അവൻ ആകാശത്തേക്ക് നോക്കുന്നു എന്ന വസ്തുത പരിഗണിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണിത്. നാം പ്രാർത്ഥിക്കുമ്പോൾ ആകാശത്തേക്ക് കൈയുയർത്തുന്നു. ഒരാപത്ത് വരുകയും സകല അവലംബങ്ങളിലും നിരാശനാവുകയും ചെയ്യുമ്പോൾ ആകാശത്തേക്ക് മുഖം തിരിച്ച് ദൈവത്തോട് കേഴുന്നു. ആകസ്മികമായ ഒരത്യാഹിതമുണ്ടാകുമ്പോൾ അത് മുകളിൽനിന്ന് ഇറക്കപ്പെട്ടതാണെന്ന് പറുന്നു. അസാധാരണമായ രീതിയിൽ ഉണ്ടാകുന്ന സംഗതികളെക്കുറിച്ച് ഇത് ഉപരിലോകത്തുനിന്ന് വന്നതാണെന്നു പറയുന്നു. അല്ലാഹുവിനാൽ അയയ്ക്കപ്പെട്ട വേദങ്ങളെ ആകാശ ഗ്രന്ഥങ്ങൾ എന്നു പറയുന്നു. അബൂദാവൂദ് ഹ. അബൂഹുറയ്റയിൽ

നിന്ന് ഉദ്ധരിക്കുന്നു: 'ഒരാൾ ഒരു കറുത്ത അടിമപ്പെണ്ണിനെയും കൊണ്ട് നബി(സ)യുടെ സന്നിധിയിൽ ഹാജരായിട്ട് ബോധിപ്പിച്ചു: ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കുക എനിക്ക് നിർബന്ധ ബാധ്യതയായിത്തീർന്നിരിക്കുന്നു. ഞാൻ ഈ അടിമസ്ത്രീയെ സ്വതന്ത്രയാക്കിയാൽ മതിയാവുമോ? തിരുമേനി ആ അടിമ സ്ത്രീയോട് ചോദിച്ചു: 'അല്ലാഹു എവിടെയാണ്?' അവൾ വിരൽ ആകാശത്തിന് നേരെ ചൂണ്ടി. തിരുമേനി ചോദിച്ചു: 'ഞാൻ ആരാണ്?' അവൾ ആദ്യം തിരുമേനിയുടെ നേരെയും പിന്നീട് ആകാശത്തിലേക്കും ചൂണ്ടി. അതിന്റെ ആശയം വ്യക്തമായിരുന്നു: അദ്ദേഹം അല്ലാഹുവിങ്കൽനിന്ന് വന്നതാണെന്ന്. തുടർന്ന് തിരുമേനി പറഞ്ഞു: അവളെ മോചിപ്പിച്ചുകൊള്ളുക. അവൾ വിശ്വാസിനിയാണ്'. (ഏതാണ്ടിതുപോലുള്ള നിവേദനങ്ങൾ മുവത്വ, മുസ്‌ലിം, നസാഇ എന്നിവയിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.) ഹ. ഖൗല ബിൻതു ഥഅ്‌ലബയെക്കുറിച്ച് ഹ. ഉമർ ഒരിക്കൽ ആളുകളോട് പറഞ്ഞു: 'ഏഴ് ആകാശങ്ങളിൽ ആവലാതി കേൾപ്പിക്കപ്പെട്ട വനിതയാണിവർ' (സൂറഃ മുജാദിലയുടെ രണ്ടാം നമ്പർ വ്യാഖ്യാനക്കുറിപ്പിൽ ഈ സംഗതി നാം വിശദമായി ഉദ്ധരിച്ചിട്ടുണ്ട്.) ഈ കാര്യങ്ങളിൽനിന്നെല്ലാം വ്യക്തമാവുന്നത് മനുഷ്യൻ ദൈവത്തെ സങ്കല്പിക്കുമ്പോൾ അവന്റെ മനസ് താഴെ ഭൂമിയിലേക്കല്ല, മുകളിൽ ആകാശത്തേക്കാണ് പ്രകൃത്യാ പോകുകയെന്നത്രേ. ഇക്കാര്യം പരിഗണിച്ചുകൊണ്ട് ഇവിടെ അല്ലാഹുവിനെ സംബന്ധിച്ച് مَن فِى السَّمَآءِ (ആകാശത്തിലുള്ളവൻ) എന്ന വാക്കുപയോഗിച്ചിരിക്കുകയാണ്. വിശുദ്ധ ഖുർആൻ അല്ലാഹു ആകാശത്ത് വസിക്കുകയാണ് എന്ന് പ്രസ്താവിച്ചതായി സന്ദേഹിക്കുവാനുള്ള പഴുതൊന്നും ഇതിലില്ല. ഈ സൂറഃയുടെ ആരംഭത്തിൽ 'ഏഴ് ആകാശങ്ങളെ പടിപടിയായി സൃഷ്ടിച്ചവൻ' എന്നും സൂറഃ അൽബഖറയിൽ فَأَيْنَمَا تُوَلُّواْ فَثَمَّ وَجْهُ اللَّهِ (നിങ്ങൾ എങ്ങോട്ട് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്) എന്നും പ്രസ്താവിച്ചിരിക്കെ ഇങ്ങനെയൊരു സംശയത്തിന് എന്ത് സാംഗത്യം?'' (തഫ്ഹീമുൽ ഖുർആൻ, സൂറഃ മുൽക് 16ാം ആയത്തിന്റെ വ്യാഖ്യാനം)

പൂർവ്വകാല മുഫസ്സിറുകളിൽ ആരും തന്നെ ഈ രൂപത്തിലൊരു വ്യാഖ്യാനം നിർവ്വഹിച്ചിട്ടില്ല. ഇത് മൗദൂദിയുടെ സ്വതന്ത്രമായ വ്യാഖ്യാനമാണ്. ഒരാളെ സത്യനിഷേധത്തിലേക്കു വരെ എത്തിക്കുന്ന ഇത്തരം സ്രോതസ്സുകൾ അറിവിന്നുവേണ്ടി ഒരു സത്യവിശ്വാസി ആശ്രയിച്ചാലുണ്ടാകുന്ന അപകടം വളരെ വലുതാണ്.

**ഇബാദത്തും മുആമലാത്തും**

ഇബാദാത്തും മുആമലാത്തും വേർ തിരിക്കുന്നത് ദീനും ദുനിയാവും രണ്ടാക്കലാണെന്നും, ജീവിതമാകട്ടെ മുഴുവനായും ഇബാദത്താണെന്നുമാണ് ജമാഅത്ത് ഇഖ്‌വാനികളുടെ വാദം. ഇബാദാത്തുകളുടെയും മുആമലാത്തുകളുടെയും വിഭജനം നൽകിയതു വഴി പ്രവാചകനുശേഷം വന്ന പിൻതലമുറക്കാരായ പണ്ഡിതൻമാർ ദീനിൽ നിന്നു തന്നെ പുറത്തു പോകാവുന്ന ഒരു സംഗതിയാണ് പ്രവർത്തിച്ചത് എന്നും ഇക്കൂട്ടർ പഠിപ്പിക്കുന്നു. സയ്യിദ് ഖുതുബ് ഇക്കാര്യം എഴുതിയത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ട് ശൈഖ് മുഹമ്മദ് കാരക്കുന്ന് പഠിപ്പിക്കുകയാണ്: "മനുഷ്യകർമ്മങ്ങൾ 'ഇബാദത്തു'കളും 'മുആമലാത്തുകളും' ആയി വിഭജിക്കപ്പെട്ടത് പിൽകാലത്തുണ്ടായ കർമ്മ ശാസ്ത്രകാര്യങ്ങളുടെ ക്രോഡീകരണത്തിലൂടെയാണ്. ആദ്യത്തിൽ അതിന്റെ ഉദ്ദേശ്യം വൈജ്ഞാനിക കൃതികളുടെ സ്വഭാവമനുസരിച്ചുള്ള വിഷയപരമായ വിഭജനം മാത്രമായിരുന്നു. ഖേദകരമെന്ന് പറയട്ടെ കാലം ചെന്നപ്പോൾ അത് സങ്കൽപത്തിലും ഇസ്‌ലാമിക ജീവിതത്തിലും ചീത്ത സ്വാധീനങ്ങളുണ്ടാക്കി. കർമ്മശാസ്ത്രം അവതരിപ്പിക്കുന്ന

ആരാധനാകർമ്മങ്ങളുടെ ഒന്നാമത്തെ വശം മാത്രമാണ് 'ഇബാദത്ത്' എന്ന ധാരണ ജനങ്ങൾക്കുണ്ടായി. സാമൂഹിക ഇടപാടുകളെക്കുറിച്ചുള്ള വിജ്ഞാനങ്ങൾ അവതരിപ്പിക്കുന്ന രണ്ടാമത്തെ ഇനത്തിലുള്ള പ്രവർത്തനങ്ങളെ ഇതുമായി ബന്ധിപ്പിച്ചില്ല. ഇത് ഇസ്‌ലാമിക ദർശനത്തിൽ നിന്നുള്ള വ്യതിചലനമാണെന്നതിൽ സംശയമില്ല. ഇബാദത്തിന്റെ ആശയമുൾക്കൊള്ളാത്ത ഒരു മനുഷ്യകർമ്മവും ഇസ്‌ലാമിക സങ്കൽപത്തിലില്ല. ഇസ്‌ലാമിക വ്യവസ്ഥിതിയിൽ ഭരണനിയമങ്ങൾക്കും സാമ്പത്തിക ക്രമത്തിനും സിവിൽ-ക്രിമിനൽ നിയമങ്ങൾക്കും നാഗരിക ചട്ടങ്ങൾക്കും, കുടുംബ വ്യവസ്ഥക്കും ഇബാദത്തിന്റെ സാക്ഷാൽക്കരണം എന്ന ലക്ഷ്യമേയുള്ളൂ. ദൈവിക വ്യവസ്ഥിതിക്കനുരൂപമായി മനുഷ്യകർമ്മങ്ങളെ പരിവർത്തിപ്പിച്ചാലല്ലാതെ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സാധ്യമല്ല. കർമ്മശാസ്ത്രപണ്ഡിതർ ഇബാദത്തുകൾ എന്ന് വിഷേശിപ്പിച്ച കർമ്മങ്ങളെ പറ്റിയുള്ള ഖുർആനിക പരാമർശങ്ങൾ പരിശോധിക്കുമ്പോൾ 'മുആമലാത്ത്' എന്ന പേരിൽ മാറ്റി വെക്കാൻ പറ്റിയ ഒരു മനുഷ്യചലനവുമില്ല എന്ന് സ്പഷ്ടമാവും. 'രണ്ടും ഒന്നിച്ചവതരിപ്പി ക്കുന്ന ശൈലിയാണ് ഖുർആനുള്ളത്'. മനുഷ്യാസ്തിത്വത്തിന്റെ ലക്ഷ്യമായ ഇബാദത്തുകളുടെ ഭാഗമാണ് രണ്ടാമത്തേതും. എന്നാൽ ഈ വിഭജനഫലമായി, ജീവിത ഇടപാടുകളിൽ ഇതര വ്യവസ്ഥിതികൾ പിന്തുടർന്നാലും ഇസ്‌ലാമിക വിധിപ്രകാരം ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നത് കൊണ്ട് മാത്രം മുസ്‌ലിംകളായിത്തീരുമെന്ന് ചിലർ മനസ്സിലാക്കി. ഇത് ഒരു വലിയ തെറ്റിദ്ധാരണയാണ്. ഇസ്‌ലാം ഒരേകത്വമാണ്. അത് അവിഛേദ്യമാണ്. <u>അതിനെ രണ്ടായി വിഭജിക്കുന്നവൻ അതിന്റെ ഏകീഭാവത്തിൽ നിന്ന് പുറത്തുകടക്കുകയാണ് ചെയ്യുന്നത്. മറ്റൊരു ഭാഷയിൽ അത് ദീനിൽ നിന്ന് തന്നെയുള്ള പുറത്തുപോകലാണ്.</u> ഇസ്‌ലാമിനെ സാർത്ഥകമാക്കാനും അതുവഴി ജീവിതലക്ഷ്യം സാക്ഷാൽകരിക്കാനും അഗ്രഹിക്കുന്ന ഓരോ മുസ്‌ലിമും മനസ്സിലാക്കേണ്ട വലിയ ഒരു യാഥാർത്ഥ്യമാണിത്. ഇത് ഗ്രഹിക്കേണ്ടത് വിശ്വാസവിഭാവനയുടെ സംസ്കരണത്തിന് മാത്രമല്ല, ജീവിതാസ്വാദനം പൂർണ്ണതയുടെ ഉന്നതവിതാനങ്ങളിലെത്താനും കൂടിയാണ്. ജീവിതം മുഴുവൻ ഇബാദത്തായിത്തീരുമ്പോൾ മാനവജീവിതത്തിന്റെ മൂല്യം സ്വയം ഉയരുന്നു. അല്ലാഹുവിന്റെ മാത്രം ദിവ്യത്വം അംഗീകരിക്കുകയും അടിമത്വം അവനുമാത്രം അർപ്പിക്കുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്." (ഇസ്‌ലാം: സവിശേഷതകൾ, പേജ് 176)

വാസ്തവത്തിൽ വ്യക്തമായ അവബോധത്തോടു കൂടി തന്നെയാണ് അഹ്‌ലുസ്സുന്നത്തിന്റെ കർമ്മശാസ്ത്ര പണ്ഡിതർ ഇബാദത്തുകളുടെയും മുആമലാത്തുകളുടെയും വിഭജനം നിർവ്വഹിച്ചിട്ടുള്ളത്. മുഫസ്സിറുകളും മുഹദ്ദിഥുകളും ഫുഖഹാക്കളും നിറഞ്ഞുനിന്ന വളരെ തിളക്കമാർന്ന ഒരു കാലഘട്ടം സലഫുകളുടെ ചരിത്രത്തിലേക്ക് ഇറങ്ങി ചെന്നാൽ ദർശിക്കാൻ കഴിയും. അതിന് മങ്ങലേറ്റിട്ടുണ്ടെങ്കിൽ അത് പ്രസ്തുത വിഭജനം കൊണ്ടുണ്ടായതല്ല, പ്രത്യുത മദ്ഹബീ പക്ഷപാതത്തിന്റെയും അനുകരണത്തിന്റെയുമെല്ലാം പരിണതിയായി ഉടലെടുത്ത അജ്ഞതയായിരുന്നു.

## കമ്മ്യൂണസത്തിനും കാപിറ്റലിസത്തിനും ബദൽ

ആധുനിക യുഗത്തിൽ ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിതവ്യവസ്ഥയും ഭൗതിക പ്രത്യയ ശാസ്ത്രങ്ങൾക്കെതിരിലുള്ള ബദൽശക്തിയുമാക്കാനാണ് ജമാഅത്തിന്റെയും ഇഖ്‌വാനിന്റെയും 'രണ്ടു മഹാരഥൻമാർ' പരിശ്രമിച്ചത്. (ഇരുപതാം നൂറ്റാണ്ടിലെ നവോത്ഥാന നായകൻമാർ, പ്രബോധനം ജ.ഇ അമ്പതാം വാർഷിക പതിപ്പ്). ഈ പ്രയാണത്തിൽ മൗദൂദിയും ഹസനുൽ ബന്നയും കൂടി ചവിട്ടിമതിച്ചത് അനേകംവരുന്ന പ്രമാണ വചനങ്ങളാണ്. തങ്ങളുടെ വാദങ്ങൾ പോഷിപ്പിക്കുന്നതിന് വേണ്ടി അഹ്‌ലുസ്സുന്നത്തിന്റെ ബദ്ധവൈരികളായ ശീഇകളുടെ ചിന്തകളെയും യാതൊരു മൂല്യനിർണ്ണയവും കൂടാതെ ഇവർ വാരിപ്പുണർന്നു. അലി ശരീഅത്തി, മുർതസാ മുത്വഹരി, ബാഖിർ സ്ദ്ർ, സയ്യിദ് ഹുസൈൻ നസ്ർ തുടങ്ങിയ ശീഈ പണ്ഡിതൻമാരുടെ ചിന്തകൾ സുന്നിലോകത്തെ യുവ ഇസ്‌ലാമിസ്റ്റുകളുടെ നവോത്ഥാന സ്വപ്നങ്ങൾക്കു

നിറംപകരുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട് എന്ന് അഭിമാനത്തോടു കൂടി ജമാഅത്തിന് പ്രഖ്യാപിക്കാൻ കഴിഞ്ഞത് (പ്രബോധനം ജ.ഇ അമ്പതാം വാർഷിക പതിപ്പ്, പേജ് 54) അതുകൊണ്ടാണ്. അഹ്ലുസ്സുന്നത്തിന്റെ ഉടയാട ധരിച്ച ഇഖ്വാനി–ജമാഅത്ത് സഖ്യകക്ഷികൾക്ക് ഇതെല്ലാം ആവേശം നൽകുന്നതായിരിക്കാം. പക്ഷെ ഇസ്ലാമിക പ്രമാണങ്ങളെ സ്നേഹിക്കുന്ന സലഫികൾക്ക് അങ്ങനെയല്ല കാര്യം, അവർ ഇത്തരം വ്യതിയാനങ്ങളുടെ ഉറവിടം അന്വേഷിക്കുകയും അതിലകപ്പെടാതിരിക്കാൻ ആവുന്നത്ര ജാഗ്രത പുലർത്തുകയും ചെയ്യുന്നവരാണ്.

ഇസ്ലാമിന്റെ പേരിൽ ഉടലെടുത്ത ജമാഅത്ത് പോലുള്ള വിപ്ലവ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജം കിട്ടിയത് അലി ശരീഅത്തിയെ പോലുള്ള ശീഈ പണ്ഡിതരിൽ നിന്നാണെങ്കിൽ, ഇയാൾ ഇസ്ലാമിനെ വായിച്ചതും പരിചയപ്പെടുത്തിയതും എപ്രകാരമാണ്? ഇതര വിപ്ലവപ്രസ്ഥാനങ്ങളോടും അതിലെ നേതാക്കൻമാരോടുമുള്ള ഇയാളുടെ ബാന്ധവം എങ്ങനെയുള്ളതായിരുന്നു? അക്കാര്യം ജമാഅത്ത് സാഹിത്യം പറയുന്നത് കാണുക: ''ഖുർആൻ, മാർക്സിസം, ശീഇസം തുടങ്ങിയവയിലെ പദാവലികളുപയോഗിച്ച് സത്യത്തേയും അസത്യത്തേയും അദ്ദേഹം വ്യവഛേദിച്ചു. ചെഗുവേരയുടെ രചനകൾ മാർകിസ്റ്റുകളല്ലാത്തവർക്ക് പോലും നല്കുന്ന ആവേശം, മുസ്ലീംകളല്ലാത്ത വായനക്കാർക്ക് ശരീഅത്തിയുടെ കൃതികൾ നൽകുന്നുണ്ട്. സാമ്രാജ്യത്വത്തെയും മുതലാളിത്വത്തെയും ചെറുത്തുനിൽക്കാനുള്ള സൈദ്ധാന്തിക നിർദേശങ്ങൾ ശരീഅത്തി നൽകുന്നുണ്ട് എന്ന് ഏതു വായനക്കാരനും സമ്മതിക്കും. അലി ശരീഅത്തിയുടെ വ്യക്തിത്വത്തെപ്പറ്റി വേണ്ടത്ര ധാരണയില്ലാതെയാണ് ആനന്ദ് അദ്ദേഹത്തെ വിലയിരിത്തിയിരിക്കുന്നത്. ചെഗുവേര, ഫാനൻ, ഴാന്ദ്പോൾ സാർത്രേ, ലൂയി മാസിഗ്നോൺ, ഹെൻട്രി ലോമോസ് എന്നിവരുമായി അടുത്ത ബന്ധമുണ്ടായിരുന്ന വ്യക്തിയാണ് ശരീഅത്തി. ചെഗുവേരയുടെയും ഫാനന്റെയും സാർത്രേയുടെയും കൃതികൾ അദ്ദേഹം പേർഷ്യൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.'' (ഐ.പി.എച്ച് പ്രസിദ്ധീകരിച്ച ആനന്ദിന്റെ ഇസ്ലാം വിമർശം – വിരുന്നുകാരനും വേട്ടക്കാരുനും, അലി ശരീഅത്തി വർഗീയവാദിയോ?, പേജ് 267)

ക്വുർആനും സുന്നത്തും മാത്രം അന്തിമമായി പരിഗണിക്കാതെ, സത്യത്തേയും അസത്യത്തേയും വ്യവഛേദിക്കാൻ മാർക്സിസത്തിലെയും ശീഇസത്തിലെയും പദാവലികൾ ഉപയോഗിച്ചാൽ സ്വാർത്ഥതാത്പര്യമുള്ളവർക്ക് ഇഷ്ടമുള്ള വശത്തേക്ക് തങ്ങളുടെ ആദർശത്തെ കൊണ്ടുപോകാൻ കഴിയും. ഇവിടെ സംഭവിച്ചതും അതാണ്. ക്യാപിറ്റലിസത്തെയും കമ്യൂണിസത്തെയുമെല്ലാം താരതമ്യ പഠനത്തിന് വിധേയമാക്കി ഇസ്ലാമിനെ അവക്കുള്ള ബദലായി പരിചയപ്പെടുത്തുകയായിരുന്നു അലി ശരിഅത്തി. അതേ വിപ്ലവത്തിന്റെ പാത തന്നെയാണ് ജമാഅത്തെ ഇസ്ലാമി – ഇഖ്വാനുൽ മുസ്‌ലിമൂൻ സഖ്യം പിന്തുടർന്നതും. അക്കാര്യം ഇവർതന്നെ എഴുതി: ''ആധുനിക ഇസ്ലാമിക പ്രസ്ഥാനങ്ങൾ, സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ രംഗപ്രവേശം ചെയ്ത ഭൗതിക പ്രത്യയ ശാസ്ത്രങ്ങളായ കാപിറ്റലിസവും കമ്യൂണിസവും ലോകത്തെയാകെ പിടിയിലൊതുക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് മനുഷ്യരാശിയെ വഴിതെറ്റിക്കുകയും ചെയ്തപ്പോൾ, അതേ ഭൂമികയിൽ നിന്നുകൊണ്ടുതന്നെ അവയുടെ തിന്മകളും പരാജയവും എടുത്തുകാട്ടാനും ഇസ്ലാമിനെ ബദൽവ്യവസ്ഥയായി അവതരിപ്പിക്കാനും തയ്യാറായി'' (ഐ.പി.എച്ച് പ്രസിദ്ധീകരിച്ച ഇസ്ലാം, ഇസ്ലാമിക പ്രസ്ഥാനം). അഹ്ലുസ്സുന്നത്തിനെ തകർക്കാൻ രംഗത്തുവന്ന ശീഈകളുടെ പാത സ്വീകരിച്ച് ഭൗതികവാദികളുടെ ആശയങ്ങൾക്കുള്ള ബദലായി ഇസ്ലാമിനെ അവതിപ്പിക്കാൻ ശ്രമിച്ചപ്പോൾ ചെളിപുരണ്ടത് ഇസ്ലാമിക പ്രതിച്ഛായക്കാണ്.

## ആദർശപ്രചാരണം വിവിധ മാധ്യമങ്ങളിലൂടെ

സലഫുസ്സാലിഹീങ്ങളുടെ വ്യാഖ്യാനങ്ങൾ അവഗണിച്ചുകൊണ്ട്, ഇസ്‌ലാമിന് സ്വതന്ത്ര വ്യാഖ്യാനങ്ങൾ നൽകുന്നതിലെ തിന്മയും അപകടവും ആഴമുള്ളതാണ്. ഇത്തരം കൃത്യം നിർവ്വഹിച്ചവരാണ് ജമാഅത്തെ ഇസ്‌ലാമി എന്നത് ഇതിനകം ബോധ്യപ്പെട്ടു കാണും. ഈ കൂട്ടരുടെ പ്രസ്തുത ചിന്താഗതികൾ പ്രചരിപ്പിക്കാനാണ് ദഅ്‌വത്ത് (ഉറുദു, ദ്വൈദിനം), അൽമീസാൻ (അറബി), കാന്തി (ഹിന്ദി വാരിക), മിസാൻ (ബംഗാളി വാരിക), ശിഹാൻ (ഗുജറാത്തി വാരിക), ശാന്തിമാർക് (മറാഠി വാരിക), സന്മാർഗ (കന്നട വാരിക), ഗീതുരായി (തെലുങ്കു വാരിക), സമരസം (തമിഴ് മാസിക), പ്രബോധനം (മലയാളം വാരിക) എന്നിങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ ജമാഅത്തിന്റെ തന്നെ കരങ്ങളിലൂടെ പ്രവർത്തിച്ചുവരുന്നത്. മൗദൂദി സാഹിബ്, സയ്യിദ് ഖുതുബ്, ഹസനുൽബന്ന തുടങ്ങിയവരുടെ തീപ്പൊരി പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും ലോകവ്യാപകമായി തീവ്രവാദം വളരാൻ കാരണമായിട്ടുള്ളതാണ് എന്ന് പരക്കെ അറിയപ്പെട്ടതാണ്. ഇവരുടെ ആശയങ്ങൾ പരിഭാഷപ്പെടുത്തി പ്രചരിപ്പിക്കാനാണ് ഇന്നും ഈ മാധ്യമങ്ങൾ നിലകൊള്ളുന്നത്.

## തീവ്രവാദ പ്രസ്ഥാനങ്ങളോടുള്ള സമീപനം

വിശ്വാസകാര്യങ്ങളിൽ അടിസ്ഥാനമുറക്കാതെയാണ് അല്ലാഹുവിന്റെ ദീൻ നടപ്പിൽവരുത്താൻ ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനികളും പണിയെടുത്തത്. ഇസ്‌ലാമിക പ്രമാണങ്ങൾക്ക് പരിചിതമല്ലാത്ത പുത്തനാശയങ്ങൾ കൊണ്ട് മുസ്‌ലിം ഉമ്മത്തിന്റെ പൊതുധാരയിൽ നിന്ന് ഏറെ മാറി ജീവിച്ച ഈ പ്രസ്ഥാനം അതിന്റെ ആദിരൂപത്തിൽ ഇന്ന് നിലവിൽ പ്രകടമല്ലെങ്കിലും സമൂഹത്തിൽ കുഴപ്പങ്ങളുണ്ടാക്കാൻ ഇപ്പോഴും ഇവരുടെ കൈവശം കോപ്പുകളുണ്ട്. 'ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ ഇന്ത്യയിലോ പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽതന്നെ ഇതേ പേരും വേരുമുള്ള ആറു സംഘടനകളുണ്ട്. സ്വന്തമായ ചുറ്റുപാടുകൾ കണക്കിലെടുത്ത് ഭിന്നമായ നയപരിപാടികളോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും അവയുടെയെല്ലാം ആദർശവും ലക്ഷ്യവും ഒന്നാകുന്നു' എന്ന പ്രബോധനം പത്രാധിപരുടെ രണ്ടുവാക്ക് (ജ.ഇ. അമ്പതാം വാർഷിക പതിപ്പ്) അതാണ് സൂചിപ്പിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചതിന് ശേഷം ഇന്ത്യയിൽ അതിന്റെ അസ്ഥിത്വസംരക്ഷണത്തിന് രാഷ്ട്രീയപരമായ നയനിലപാടുകൾ പ്രസ്ഥാനം രൂപീകരിക്കുന്നത് 1947 ആഗസ്റ്റിൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടതോടെയാണ്. ഇന്ത്യാ പാക് വിഭജനത്തിനുശേഷം സയ്യിദ് മൗദൂദി ഇന്ത്യയിലെ മുസ്‌ലിംകൾക്കു നേരെ രൂക്ഷവിമർശനം അഴിച്ചുവിട്ടിരുന്നു. ഇന്ത്യയിലെ മുസ്‌ലിംകളും പാകിസ്ഥാനിലെ മുസ്‌ലിംകളും തമ്മിലുള്ള വിവാഹബന്ധം പോലും ബാത്വിലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയെ ദാറുൽ ഹർബായി (ശത്രു ഭവനം) പരിഗണിച്ചുകൊണ്ടാണ് അദ്ദേഹം ഈ അഭിപ്രായ രൂപീകരണം നടത്തിയത്, അതിനുള്ള തെളിവ് സൂറഃത്തുൽ അൻഫാലിലെ 72–ാം സൂക്തവും! ഇക്കാര്യമെല്ലാം തികഞ്ഞ മലയാളത്തിൽ പ്രബോധനം രേഖപ്പെടുത്തിയിട്ടുള്ളതാണ് (പ്രബോധനം വാരിക, 26 ഏപ്രിൽ 1975). 1948 ഏപ്രിൽ മധ്യത്തിൽ മൗലാനാ അബുല്ലൈസ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വം ഏറ്റെടുത്തതിലൂടെ ഇന്ത്യാ പാക് വിഭജനത്തിന്റെ ഭാഗമായി വിഘടിതമായ പ്രസ്ഥാനത്തെ പുനഃസംഘടിപ്പിക്കുകയായിരുന്നു. രാജ്യം ഉറ്റുനോക്കുന്ന മൗദൂദിയുടെ പല അപകടകരമായ വീക്ഷണങ്ങളെയും തുടർന്ന് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി നാടകീയമായി എതിർത്തുതുടങ്ങി. പക്ഷെ, മൗദൂദിയുടെ അപകടകരമായ ക്വുർആൻ ദുർവ്യാഖ്യാന ഗ്രന്ഥമായ തഫ്ഹീമുൽ ക്വുർആനും, അനേകം അനിസ്‌ലാമികത

പതിഞ്ഞുകിടക്കുന്ന അദ്ദേഹത്തിന്റെ തന്നെ കൃതികളും എന്നിട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ പാഠശാലകളിൽ സജീവമായി ഇന്നും പഠിപ്പിച്ചുവരുന്നു!

പ്രബോധനം നിർവ്വഹിച്ചുകൊണ്ടുള്ള സമൂലമായ ഒരു മാറ്റമാണ് ജമാഅത്തെ ഇസ്ലാമി ആഗ്രഹിക്കുന്നത് എന്ന് ഇക്കൂട്ടർ വാദിക്കാറുണ്ട്. ഈ വാദമാകട്ടെ അടിയന്തരാവസ്ഥയുടെ സമയത്ത് ജമാഅത്തിനെ ഇന്ത്യാരാജ്യം ഔദ്യോഗികമായി വിലക്കുകയും, ഏതാനും ജമാഅത്തെ പ്രവർത്തകർ ജയിൽവാസം അനുഭവിക്കുകയും ചെയ്തതിന്റെ ശേഷം ധാരാളമായി കേട്ടുവരുന്ന ഒന്നാണ്. എന്നാൽ മൗദൂദിയുടെ ഭാഷയിൽ ഇത് തീർത്തും മുർത്തദ്ദാവലാണ്. 'അല്ലാഹുവിന്റെ മാർഗത്തിൽ മുന്നോട്ട് കാലെടുത്ത് വെച്ചശേഷം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആപത്തുകളും കണ്ട് പിൻമാറുന്നത് യഥാർഥത്തിൽ മുർത്തദ്ദാവലാണെന്ന്' ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിൽ മൗദൂദി നൽകിയ മുന്നറിയപ്പാണ്. മാത്രമല്ല മൗദൂദി പഠിപ്പിക്കുന്നു: ''ഭൂമിയിൽ ദൈവിക ഭരണസംസ്ഥാപനം, മനുഷ്യാധിപത്യത്തിന്റെ നിഷ്കാസനം, അന്യായമായി അധികാരം കയ്യടക്കിവെച്ച അടിമകളിൽനിന്ന് അത് വീണ്ടെടുക്കൽ, ഏകനായ ദൈവത്തിനത് സമർപ്പിക്കൽ, ദൈവിക വ്യവസ്ഥയുടെ നായകത്വത്തിലേക്കുള്ള അരങ്ങേറ്റം, മനുഷ്യനിർമ്മിത നിയമങ്ങളുടെ തിരോധാനം, ഇവയെല്ലാം കേവലം പ്രബോധനം കൊണ്ടും പ്രചരണം കൊണ്ടും നടക്കുന്നകാര്യങ്ങളല്ല. കാരണം അല്ലാഹുവിന്റെ അവകാശം അവിഹിതമായി പിടിച്ചുപറ്റി ജനങ്ങളെ അടിമകളാക്കി വെക്കുന്ന കൃത്രിമാധിപതികൾ തങ്ങളുടെ അധികാരം അത്രവേഗമൊന്നും കയ്യൊഴിക്കുകയില്ല. അങ്ങനെ ചെയ്യുമായിരുന്നെങ്കിൽ അല്ലാഹുവിന്റെ വ്യവസ്ഥിതികളിവിടെ സ്ഥാപിക്കുകയെന്ന ദൗത്യം പ്രവാചകർക്ക് എത്രയോ എളുപ്പമായേനെ'' (ജിഹാദ്, പേജ് 74)

ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദവുമായുള്ള ബന്ധം കേവല ആരോപണമല്ല, വസ്തുതയാണ് എന്ന് തെളിയിക്കുന്നതാണ് പ്രബോധനത്തിലെ ഈ വരികൾ: ''താഴ്‌വരയിൽ തീവ്രവാദിപ്രവർത്തനം ശക്തിപ്പെട്ടതിനു ശേഷം ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദിഗ്രൂപ്പുകളിലൊന്നായ ഹിസ്ബുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്. ഇതിനുപുറമെ, 'അല്ലാഹ് ടൈഗേഴ്സ്' എന്ന ഒരു സംഘത്തിനും ജമാഅത്ത് രൂപം നൽകിയിട്ടുണ്ട്. ജനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം വളർത്തുകയും നിലനിർത്തുകയുമാണ് ഈ സംഘത്തിന്റെ മുഖ്യമായ പ്രവർത്തനമെന്നു പറയപ്പെടുന്നു. വിവിധ തീവ്രവാദി ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്. രാഷ്ട്രീയമേഖലയിൽ പതിമൂന്ന് സംഘടനകൾ ചേർന്ന 'തഹ്‌രികെ ഹുർരിയത്തെ കാശ്മീർ' (കാശ്മീർ സ്വാതന്ത്ര്യപ്രസ്ഥാനം) എന്ന പേരിൽ ഒരു മുന്നണിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ ഗ്രൂപ്പിലെ ഏറ്റവും വലിയ സംഘടന ജമാഅത്താണ്. അരാഷ്ട്രീയനായ അഡ്വക്കറ്റ് മിയാൻ അബ്ദുൽ ഖയ്യൂമാണ് മുന്നണിയുടെ അദ്ധ്യക്ഷൻ. സെക്രട്ടറിയായ മുഹമ്മദ് അശ്റഫ് സഹ്‌മായി കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെയും സെക്രട്ടറി ജനറലാണ്. സൈനികമേഖലയിൽ വിവിധ സായുധ ഗ്രൂപ്പുകൾ ചേർന്ന് രൂപം നൽകിയ 'മുത്തഹിദ ജിഹാദ് കൗൺസി'ലിന്റെ ചെയർമാൻ അലി മുഹമ്മദ് ഡാറും ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളിലൊരാളത്രെ.'' (കാശ്മീർ ജമാഅത്തെ ഇസ്‌ലാമി, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്)

ജമാഅത്തിന്റെ ആദർശം പ്രചരിപ്പിക്കുന്ന ഒരു പ്രസിദ്ധീകരണത്തിൽ നിന്നാണ് നാമിത്രയും വായിച്ചത്. ഈ രൂപത്തിലുള്ള ആശയങ്ങൾ വായിച്ചിട്ടാണ് ഇന്ത്യാരാജ്യത്ത് പല തീവ്രവാദ സംഘങ്ങളും പിറന്നത്. സിമിയും, എൻ.ഡി.എഫുമൊക്കെ മൗദൂദി ആശയങ്ങളിൽ നിന്നും ഉടലെടുത്ത വിഷവിത്തുകളും ചെടികളുമാണ്. അവർ പഠിച്ചത് മൗദൂദിയുടേതടക്കമുള്ള

ജമാഅത്ത് സാഹിത്യങ്ങളാണ്. അവരുടെ ഷെൽഫുകളിലുള്ളത് മൗദൂദിയുടെ തഫ്ഹീമുൽ ഖുർആനടക്കം ഐ.പി.എച്ചിന്റെ പുസ്തകങ്ങളാണ്. അവരുടെ ഉപദേഷ്ടാക്കളും, നേതാക്കളും ജമാഅത്തുമായി പൂർവകാല ബന്ധമുള്ളവരാണ്.

**ജമാഅത്തിന്റെ ഇന്നത്തെ അവസ്ഥ**

ബ്രിട്ടീഷധിനിവേശത്തിൽ നിന്നുള്ള ഇന്ത്യയുടെ മോചനത്തെ 'ലാത്ത പോയി മനാത്ത വരലായി' പ്രഖ്യാപിച്ച മൗദൂദിയുടെ നവീനവാദങ്ങൾക്ക് പ്രായോഗികരംഗത്ത് അൽപം പോലും ആയുസ്സുണ്ടായില്ല. സ്ഥാപകനേതാവ് മൗലാനാ മൗദൂദിയുടെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്നതെല്ലന്നും ജനാധിപത്യത്തിലാണ് ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നതെന്നും കേരളാ അമീർ ടി. ആരിഫലിക്ക് ഒരു വാർത്താസമ്മേളനത്തിലൂടെ പ്രഖ്യാപിക്കേണ്ടി വന്നത് അതാണ് തെളിയിക്കുന്നത് (തേജസ് ദിനപത്രം, 30 ഡിസംബർ 2007). ആശയതലത്തിൽ തന്നെ മൗദൂദിയെ ജമാഅത്തുകാർ കയ്യൊഴിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഇത് സ്പഷ്ടമാക്കുന്നുണ്ട്. ഇപ്രകാരം മൗദൂദി നിർമ്മിച്ചുവിട്ട സാങ്കൽപിക വീടിന്റെ അടിയാധാരം തിരുത്തുന്ന തിരക്കിലാണ് ഇന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ ഒരോ പ്രധാനികളും. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ നിർബന്ധ കർമ്മങ്ങൾ പോലും ഭരണം സ്ഥാപിക്കാനുള്ള പരിശീലനങ്ങളായി പരിചയപ്പെടുത്തിയ ജമാഅത്തിന് (മൗദൂദി, ഖുതുബാത്) ഇവർ ചെയ്തുവെച്ച കേടുപാടുകൾ ആത്മാർത്ഥമായ പശ്ചാതാപമില്ലാതെ എങ്ങിനെയാണ് തിരുത്താൻ കഴിയുക.

ഹുകുമത്തെ ഇലാഹിയുടെ പേരിൽ പടുത്തുയർത്തിയ അജണ്ടകൾ നടപ്പിലാക്കാൻ ജമാഅത്ത് രംഗത്തിറങ്ങിയത് ആരെയെല്ലാം കൂട്ടുപിടിച്ചാണെന്ന് കാണുക: ''ജമാഅത്ത് എല്ലാവിഭാഗക്കാരെയും മദ്ഹബുകളെയും സംഘടനയിൽ ചേർത്തു. അതിൽ അഹ്‌ലുൽ ഹദീസിൽപെട്ടവരും ബറേൽവികളും ദയൂബന്തികളുമുണ്ട്. ശിയാക്കളിൽ നിന്ന് ആരും ജമാഅത്തിൽ അംഗങ്ങളായിട്ടില്ലെങ്കിലും അനുഭാവികളിൽ അവർ ധാരാളമുണ്ട്. നിങ്ങൾക്ക് ശരിയായിതോന്നുന്ന മദ്ഹബ് പ്രകാരം നിങ്ങൾ പ്രവർത്തിച്ചോളൂ. പക്ഷെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കരുത്. നിങ്ങൾക്ക് ശരിയാണെന്ന് തോന്നാത്തത് ചെയ്യാതിരുന്നുകൊള്ളൂ. പക്ഷെ മറ്റുള്ളവരും അത് ശരിയായി കരുതാതെ ഉപേക്ഷിക്കണമെന്ന് ശാഠ്യംപിടിക്കരുത്. അപ്രകാരം എല്ലാവരും ചേർന്ന് ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിന് വേണ്ടി ശ്രമിക്കും എന്ന സിദ്ധാന്തപ്രകാരമാണ് ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായത് തന്നെ.'' (പ്രബോധനം 1970, ഡിസംബർ 19)

ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിന് പ്രവർത്തിക്കുന്നവരിൽ ശിയാക്കൾ മെമ്പറായിട്ടില്ലെങ്കിലും, അവർക്ക് തതുല്യമായിതന്നെ ശിർക്കിന്റെ പ്രചാരകരായ ബറേൽവികൾ കൂടെ ഉണ്ട്. ഇവരെല്ലാവരെയും ഉൾകൊള്ളിച്ചു കൊണ്ടുള്ള ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനം സൈദ്ധാന്തവത്കരിച്ചാണത്രെ ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായത്! സമരോത്സുകമായ ജമാഅത്തിന്റെ ഇത്തരം പ്രസ്താവനകൾ മേലും കീഴും നോക്കാതെ വിഴുങ്ങുന്ന അണികൾക്ക് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന ആദർശം എങ്ങിനെയാണ് തിരിയുക. ഈ വിധത്തിൽ രൂപീകരിച്ച ഒരു പ്രസ്ഥാനത്തെ നമുക്ക് ഒരു കരിക്കട്ടയോട് ഉപമിക്കുന്നതിൽ തെറ്റില്ല, കാരണം അത് കഴുകും തോറും കറുക്കും. ഇക്കാര്യം ശരി വെക്കുന്ന രൂപത്തിൽ തന്നെയാണ് ജമാഅത്തെ ഇസ്‌ലാമിയെ പ്രതിനിധീകരിക്കുന്നവർ ഇന്ന് അതിനെ പരിചയപ്പെടുത്തുന്നത്. നോക്കു ഒരുദാഹരണം: ''നിങ്ങൾ മുസ്‌ലിമോ ഹിന്ദുവോ ക്രിസ്ത്യാനിയോ അതുമല്ല അവിശ്വാസിയോ ആരാകട്ടെ, നിങ്ങൾക്കും ജമാഅത്തെ ഇസ്‌ലാമിയിൽ ഒരു ഇടമുണ്ട്.'' (ജമാഅത്തെ ഇസ്‌ലാമിയും നിങ്ങളും, പ്രചാരണ കാമ്പയിൻ-2004, മലപ്പുറം ജില്ലാ കമ്മിറ്റി)

മുകളിലെ വരിയുടെ ഗൗരവം മനസിലാക്കാൻ നമുക്ക് അതൊന്ന് മാറ്റി വായിക്കാം. 'നിങ്ങൾ മുസ്‌ലിമോ ഹിന്ദുവോ ക്രിസ്ത്യാനിയോ അതുമല്ല അവിശ്വാസിയോ ആരാകട്ടെ, നിങ്ങൾക്കും ഇസ്‌ലാമിൽ ഒരു ഇടമുണ്ട്.' ഈമാൻ അല്പമെങ്കിലും അവശേഷിക്കുന്ന ഒരു മുസ്‌ലിമിനെ അതിയായി വേദനിപ്പിക്കുന്ന പ്രസ്താവനയാണിത്. ഇസ്‌ലാമും ജമാഅത്തെ ഇസ്‌ലാമിയും വേർപിരിയുന്ന പ്രധാനപ്പെട്ട ബിന്ദുക്കളിൽ ഒന്നാണിത്.

ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപ വീടുപോലെയാണ്, നമസ്കാരവും നോമ്പും ഹജ്ജുമെല്ലാം ഇസ്‌ലാമിക ഭരണ സംസ്ഥാപനത്തിനുള്ള പരിശീലനമാണ്, ഭരണത്തിന്റെ അബദ്ധമായ അടിസ്ഥാനത്തെമാറ്റി സുബദ്ധമാക്കിത്തീർക്കാനുള്ള അശ്രാന്ത പരിശ്രമവും ത്യാഗവുമാണ് ജിഹാദ്, സാമ്രാജ്യത്ത ദൈവത്തെ നീക്കി പ്രജായത്ത ദൈവത്തെ ഗവൺമെന്റാകുന്ന വിഗ്രഹാലയത്തിൽ പ്രതിഷ്ഠിക്കൽ ബഹുദൈവാരധനയാണ്, പ്രജായത്തം നടപ്പിൽ വരുത്താനായി സമരം ചെയ്യുന്നവർ കപടവിശ്വാസികളാണ്, ജനാധിപത്യവുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല എന്നിങ്ങനെയുള്ള വിഷയങ്ങൾ അണികളെ അഭ്യസിപ്പിച്ച ഈ കൂട്ടർ ഇന്ന് ജനാധിപത്യത്തിനു വേണ്ടി സിന്ദാബാദ് മുഴക്കുമ്പോൾ, ഇവരുടെ രാഷ്ട്രീയ കൗശലവും തെരുവുനാടകങ്ങളും മുഖവിലക്കെടുക്കുവാൻ ആർക്കാണ് കഴിയുക.

## രക്ഷയുടെ കക്ഷിയും ജമാഅത്തും

താഹീദിൽ നിന്നും തുടങ്ങി മറ്റു മതങ്ങളും പ്രത്യയശാസ്ത്രങ്ങളും പറയാത്ത, ഒരു പക്ഷെ അവർക്കൊന്നും അറിയാത്ത ഒട്ടനവധി സവിശേഷതകൾ ഇസ്‌ലാമിനുണ്ട്. ലൗകിക ജീവിതത്തേക്കാളേറെ പാരത്രിക ജീവിതത്തിനാണ് അത് പ്രാധാന്യം കൊടുക്കുന്നത്. പ്രവാചകന്(സ) ലഭിച്ച വെളിപാടിനനുസരിച്ചാണ് അതിന്റെ ശാസനകൾ. അതുകൊണ്ടുതന്നെ ആരിലും തെറ്റിദ്ധാരണ ജനിപ്പിക്കാതെ ചൊവ്വായ മാർഗത്തിലേക്ക് ഇതരരെ ക്ഷണിക്കുവാൻ അതിന്റെ അനുയായികൾക്ക് കഴിയും.

ٱلْحَمْدُ لِلَّهِ ٱلَّذِىٓ أَنزَلَ عَلَىٰ عَبْدِهِ ٱلْكِتَٰبَ وَلَمْ يَجْعَل لَّهُۥ عِوَجَا ۜ

''തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും, അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി.'' (ക്വുർആൻ 18: 1, 2)

ഖബറുകൾക്കു മുന്നിൽ സുജൂദ് ചെയ്യുന്ന, ദർഗകളിൽ നേർച്ച വഴിപാടുകളർപ്പിക്കുന്ന, അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്ന പച്ച ശിർക്കിനെതിരെ, അതിന്റെ പ്രചാരകർക്കെതിരെ, ഖുറാഫാത്തുകൾക്കും, ബിദ്അത്തുകൾക്കുമെതിരെ അധികമൊന്നും നാവും പേനയും ചലിപ്പിക്കാത്ത ജമാഅത്തുകാർ പ്രസ്തുത ദൗത്യം നിർവ്വഹിക്കുന്നവരെ ശാഖാപരമായ വിഷയങ്ങളിൽ തർക്കിച്ച് ഭിന്നിപ്പുണ്ടാക്കുന്നവർ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവരെഴുതി : ''അവർ തമ്മിൽ ഭിന്നിപ്പുള്ള പ്രശ്നങ്ങൾ കേവലം വിരലിലെണ്ണാവുന്നവ മാത്രമാണ്. അവയിലധികവും താരതമ്യേന ശാഖാപരമാണുതാനും. മരിച്ചുപോയ മഹാന്മാരെ മുൻനിറുത്തി പ്രാർത്ഥിക്കുന്നത് തൗഹീദുമായി പൊരുത്തപ്പെടുമോ ഇല്ലേ? നേർച്ചകളും മാല മൗലിദുകളും കഴിക്കണമോ വേണ്ടയോ? സുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് സുന്നത്തുണ്ടോ ഇല്ലേ? നമസ്കാരത്തിൽ കൈ മാറത്തോ മാറിനു താഴെയോ കെട്ടേണ്ടത്? ഇതൊക്കെയാണ് മുസ്‌ലിം സമൂഹത്തെ ഭിന്നിപ്പിക്കുകയും പരസ്പരം കാഫിറാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രശ്നങ്ങൾ

എന്നത് ലജ്ജാവഹമായ വസ്തുതയത്രെ'' (സാമുദായിക ഐക്യവും മുസ്‌ലിം സംഘടനകളും, പേജ് 32). ബദ്‌രീങ്ങൾ, ഉഹ്ദീങ്ങൾ തുടങ്ങിയ മഹാത്മാക്കളെയും മുഹ്‌യുദ്ദീൻ, അഹ്മദ് രിഫായി തുടങ്ങിയ ശൈഖുമാരെയും വിളിച്ചു പ്രാർത്ഥിക്കുന്നവർ മുശ്‌രിക്കുകളാണെന്ന് പഠിപ്പിച്ച (കെ.സി. അബ്ദുല്ല മൗലവി, പരലോകം ഖുർആനിൽ, പേജ് : 97) അതേ വിഭാഗം ആളുകൾ മരിച്ചുപോയ മഹാൻമാരെ മുൻനിറുത്തി പ്രാർത്ഥിക്കുന്നത് ശാഖാപരമെന്ന് അഭിപ്രായപ്പെടുന്നു. സ്വലാത്തുന്നാരിയ്യ, മൻഖൂസ് മൗലീദ്, ഖുത്ത്ബിയ്യത്ത്, ബദ്ർ മാല, മുഹ്‌യുദ്ദീൻ മാല തുടങ്ങിയ അങ്ങേയറ്റത്തെ ശിർക്ക് കലർന്ന മാല മൗലീദ് താളുകൾ ഭക്തിപുരസ്സരം ചൊല്ലുന്നത് ഇന്ന് ശാഖാപരം! അതുകൊണ്ടായിരിക്കാം നാഗൂർ, അജ്മീർ പോലെയുള്ള ജാറങ്ങളുടെ സംരക്ഷണബാധ്യത ഏറ്റെടുത്ത ശിർക്കിന്റെ പ്രചാരകരായ ബറേൽവികൾ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമായിട്ടുണ്ടെന്ന് എഴുതാൻ ഇവർ മടികാണിക്കാതിരുന്നത് (പ്രബോധനം, 19 ഡിസംബർ 1970).

ഇസ്രാഈൽ മക്കൾ എഴുപത്തിരണ്ട് വിഭാഗങ്ങളായി പിളർന്നു; എന്റെ സമുദായം എഴുപത്തി മൂന്ന് വിഭാഗങ്ങളായി പിളരും; അവരെല്ലാം നരകത്തിലായിരിക്കും, ഒന്നൊഴികെ എന്ന നബിവചനം അനേകം പ്രമാണരേഖകളിൽ ഒന്നാണ്. അത് കേട്ട ശിഷ്യൻമാർ രക്ഷപ്പെടുന്ന വിഭാഗം ഏതാണ് എന്ന് നബി(സ)യോട് ചോദിച്ചപ്പോൾ പ്രവാചകൻ നൽകിയ മറുപടി 'ഞാനും എന്റെ സഹാബികളും ഏത് മാർഗത്തിൽ ചലിക്കുന്നുവോ ആ മാർഗത്തിൽ ചലിക്കുന്നവർ.' എന്നായിരുന്നു. ഈ രക്ഷപ്പെടുന്ന കക്ഷികളുടെ നിലപാട് സ്വീകരിക്കാനാണ് സത്യവിശ്വാസികളായ ഓരോ വ്യക്തിയും പരിശ്രമിക്കേണ്ടത്. എന്നാൽ പ്രവാചകന്റെ ഈയൊരു നിർദ്ദേശം ജമാഅത്തിനും ഇഖ്‌വാനികൾക്കും വലിയ തലവേദനയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവർ അതിനെ കുറിച്ച് എഴുതി: ''ഇങ്ങനെയൊരു ഹദീസ് പാഠഭേദങ്ങളോടെ- ചിലപ്പോൾ വൈരുധ്യങ്ങളോടെയും- ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. തദടിസ്ഥാനത്തിൽ കഴിഞ്ഞകാലങ്ങളിലും ഇക്കാലത്തും പല മുസ്‌ലിം സംഘടനകളും വിഭാഗങ്ങളും തങ്ങളല്ലാത്തവരെയൊക്കെ നരകാവകാശികളാക്കാൻ കിണഞ്ഞു ശ്രമിച്ചിട്ടുമുണ്ട്. എന്നാൽ, ഈ 'ഹദീസി'ലെത്തന്നെ നിവേദക പരമ്പരയിലെ ദൗർബല്യങ്ങൾ മൂലവും, ഉള്ളടക്കം വീക്ഷിച്ചാലും അസ്വീകാര്യമാണെന്ന അഭിപ്രായക്കാരാണ് ഡോ. യൂസുഫുൽ ഖർദാവിയെപ്പോലുള്ള ആധുനിക പണ്ഡിതൻമാർ.'' (ഒ. അബ്ദുഹ്ഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം ചോദ്യങ്ങൾക്ക് മറുപടി, പേജ് 178,179)

നടെ സൂചിപ്പിച്ച നബിവചനത്തോട് ഇതിലും വലിയ ഒരു അത്യാധുനിക വ്യാഖ്യാനമാണ് പിന്നീട് ഇവർ നടത്തിയത്: ''ഇവിടെ പ്രാഥമികമായി മനസ്സിലാക്കേണ്ട കാര്യമിതാണ്. ഈ ഹദീസിൽ പറയുന്നത് സുപ്രധാനമായ ഒരു വിഷയമായിരുന്നിട്ടും ബുഖാരിയോ മുസ്‌ലിമോ ഈ ഹദീസ് തങ്ങളുടെ സമാഹാരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരുടെ നിബന്ധനകൾ പ്രകാരം ഇത് പ്രബലമല്ല എന്ന് അത് സൂചിപ്പിക്കുന്നു. '' (പ്രബോധനം, പ്രശ്നവും വീക്ഷണവും, 23 മാർച്ച് 2013)

മുസ്‌ലിംകളിൽ ഒരു വിഭാഗം ആളുകൾ എന്നും സത്യത്തിൽ നിലകൊള്ളുന്നവരായിരിക്കും എന്ന നബിവചനം ജമാഅത്തുകാർ സ്വീകരിക്കാൻ വൈമനസ്യം കാണിക്കന്നത് സലഫിയ്യത്ത് അംഗീകരിക്കാനുള്ള ബുദ്ധിമുട്ട് ഒന്നുകൊണ്ടുമാത്രമാണ്. എന്നാൽ ഈ ആശയം അറിയിക്കുന്ന ധാരാളം സ്വഹീഹായ ഹദീസുകൾ ബുഖാരിയും മുസ്‌ലിമുമടക്കമുള്ള പ്രബലർ ഉദ്ധരിച്ചിട്ടുള്ളതാണ്. അതിലെ ഒന്നാണ് ഇമാം മുസ്‌ലിം ഉദ്ധരിച്ച താഴെയുള്ള ഹദീസ്:

وعن ثوبان رضي االله عنه قال : قال رسول الله صلى الله عليه وسلم (لا تزال طائفة من أمتي ظاهرين على الحق. لا يضرهم من خذلهم. حتى يأتي أمر الله وهم كذلك)

'ഥൗബാൻ(റ)Â നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: എന്റെ സമുദായത്തിലെ ഒരു വിഭാഗം സത്യത്തിൽ നിലകൊള്ളുന്നവരായിക്കൊണ്ടേയിരിക്കും. അവരെ വഞ്ചിക്കുന്നവർ അവർക്ക് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹുവിന്റെ കൽപന വന്നെത്തുന്നതുവരെയും അവർ ഇപ്രകാരം തന്നെയായിരിക്കും' (മുസ്ലിം)

സത്യത്തിൽ നിലകൊള്ളുന്ന ഈ ഒരു വിഭാഗത്തിൽ അല്ലാഹു നാം ഏവരെയും ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.